## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച

ശ്രീ. എച്ച്. സലാം: സർ, ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂട്ടിച്ചേർത്ത ഭാഗവുംകൂടി ഒരുമിച്ച് പരിഗണിക്കപ്പെടുമ്പോൾ സർക്കാർ നടത്തിയ പ്രവർത്തന മികവിന്റെ ഭാവി കാഴ്ചപ്പാടാണ് വ്യക്തമാകുന്നത്. അത് എത്രമാത്രം കേരളത്തിന്റെ സാമൂഹികമായ ജീവിതക്രമത്തെ സ്വാധീനിക്കപ്പെടുന്നുവെന്നുള്ള കാര്യം നമുക്കെല്ലാം പൊതുവിൽ ബോധ്യമുള്ള കാര്യമാണ്. ഇത്തരം കാര്യങ്ങളെല്ലാം ഗൗരവമായി ചർച്ച നടത്തുന്ന സമയത്താണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ വളരെ ആക്ഷേപകരമായി അധിക്ഷേപിക്കുന്ന സാഹചര്യമുണ്ടായത്. എന്ത് തെറ്റാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്തതെന്ന് നമുക്കാർക്കും ബോധ്യമായിട്ടില്ല. ആ കസേരയിലിരിക്കുന്ന ആളുകൾ ആ സ്ഥാനത്തിന്റെ വലിപ്പമോ അതിന്റെ മഹത്വമോ മനസ്സിലാക്കുന്നില്ലെന്നുള്ളതാണ് ഇന്നത്തെ ദുര്യോഗം. ഈ സഭയിൽ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുണ്ട്. അതുപോലെ ഉമ്മൻ ചാണ്ടി സാറും ആ സ്ഥാനത്തിരുന്നിട്ടുണ്ട്. അവരിൽ ആരെങ്കിലും ഈ കേരളത്തിലെ മന്ത്രിമാരെ

ഇതുപോലെ പരാമർശിച്ചിട്ടുണ്ടോ; 'ഇവനെയൊക്കെ മന്ത്രിമാരാക്കി' എന്നെല്ലാം പറയുന്നത്, പ്രതിപക്ഷ നേതാവിനെ സംസ്കാരം പഠിപ്പിക്കാനൊന്നും ഞാനാളല്ല. ആരുവിചാരിച്ചാലും കഴിയുന്ന കാര്യവുമല്ല. സംസ്കാരം എന്നുപറയുന്നത് പണം കൊടുത്ത് വാങ്ങാൻ കിട്ടുന്ന കാര്യമല്ല. പക്ഷേ അദ്ദേഹം ഇരിക്കുന്ന കസേര ഈ സഭയുടെ പ്രതിപക്ഷ നേതാവിന്റെ സ്ഥാനത്താണെന്നുള്ളത് ഗൗരവമായി അദ്ദേഹം മനസ്സിലാക്കുന്നില്ലെങ്കിലും കോൺഗ്രസ് പാർട്ടിയെങ്കിലും ഗൗരവമായി കണക്കിലെടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ള കാര്യം. ശ്രീ. വി. ശിവൻകുട്ടി ഇന്നലെ ഇവിടേക്ക് ഓട്ടുപൊളിച്ച് ഇറങ്ങിവന്ന് മന്ത്രിയായ ഒരാളാണോ; അദ്ദേഹം വിദ്യാർഥിയായിരിക്കുന്ന കാലംഘട്ടം മുതൽക്കെ സംഘ്പരിവാറിനോട് പൊരുതുന്ന, ഈ പ്രായത്തിലും നിമിഷത്തിലും ശക്തമായി പൊരുതിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ്. തിരുവനന്തപുരത്തെ എം.ജി. കോളേജ് എന്നത് നമുക്കെല്ലാം പരിചയമുള്ള ക്യാമ്പസാണ്. അടിയന്തരാവസ്ഥയ്ക്കുശേഷമുള്ള കാലത്ത് എ.ബി.വി.പി. അടക്കി വാണിരുന്ന സംഘപരിവാറിന്റെ കൈവശം പരിപൂർണ്ണതയോടെ നിന്നിരുന്ന ആ ക്യാമ്പസിലേയ്ക്ക് ധൈര്യത്തോടെ കടന്നുചെന്ന് എസ്.എഫ്.ഐ.-യുടെ ശുഭ്രപതാക നാട്ടിയ നേതാവിന്റെ പേരാണ് സഖാവ് ശ്രീ. വി. ശിവൻകുട്ടി. കേരളത്തിൽ സംഘ്പരിവാർ അക്കൗണ്ട് കോൺഗ്രസിന്റെ സഹായത്താൽ

തുറന്നത് നേമത്താണ്. ആ അക്കൗണ്ട് പൂട്ടിക്കാൻ നേതൃത്വം കൊടുത്ത ആളിന്റെ പേരും സഖാവ് ശ്രീ. വി. ശിവൻകുട്ടിയെന്നാണ്. അദ്ദേഹത്തിന്റെ ജീവിതമാകെ നോക്കിയാൽ കാണാൻ കഴിയുന്നത് സംഘ്പരിവാർ ശക്തികളോടും വർഗീയ ശക്തികളോടും അല്പംപോലും പിൻമടങ്ങാതെ പൊരുതുന്ന ഒരു നേതാവിനെയാണ്. ഈ സഭയിൽ നടന്ന സമരത്തെയും ആക്ഷേപിച്ചു. ഈ സഭയിൽ ധാരാളം സമരരൂപങ്ങളുണ്ടായിട്ടുണ്ട്. ആ സമരത്തിന്റെ സാഹചര്യത്തെക്കുറിച്ച് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും നാട്ടുകാർക്കും നല്ലതുപോലെ അറിയാവുന്നതാണ്. ആ സമരത്തിന്റെ ഭാഗമായി ശ്രീ. വി. ശിവൻകുട്ടി മുണ്ട് മടക്കി കുത്തിയപ്പോൾ അദ്ദേഹത്തിന്റെ വസ്ത്രത്തെക്കുറിച്ച് പ്രതിപക്ഷ നേതാവ് എന്തൊക്കെയാണ് പറയുന്നത്. മുണ്ടുമടക്കി കുത്തിയാൽ സഖാവ് ശിവൻകുട്ടി ഉടുത്തിരിക്കുന്ന വസ്ത്രം നല്ല വസ്ത്രമാണ്. പക്ഷേ പ്രതിപക്ഷ നേതാവിന്റെ മുണ്ടഴിഞ്ഞുപോയാൽ കാണുന്ന വസ്ത്രം ആർ.എസ്.എസ്.-ന്റെ കളസമായിരിക്കുമെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. ഞാൻ ദീർഘമായിട്ടൊന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ സംസ്കാരം അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് നോക്കിയാൽ കാണാം. അദ്ദേഹം ആ മണ്ഡലത്തിലെ ഒരു വോട്ടറോട് പറഞ്ഞ പരാമർശം ഈ സഭയിൽ പറയാൻ സാധിക്കില്ല. സഭ്യമായ ഭാഷയല്ല അത്. അതല്ലേ സംസ്കാരം;

അദ്ദേഹത്തെക്കുറിച്ച് ആ മണ്ഡലത്തിലെ ഒരു സ്ത്രീ പുറത്തുവിട്ട വീഡിയോയുമുണ്ട്. അതെല്ലാം ഇന്നലെയും ഇന്നുമായി സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയാണ്. എന്തേ ആ സ്ത്രീ അധിക്ഷേപകരമായി ശ്രീ. വി. ഡി. സതീശനെ പറഞ്ഞപ്പോൾ എന്നാലൊന്ന് കേസ് കൊടുക്കാമെന്ന് നിങ്ങൾ തീരുമാനിച്ചോ; പോട്ടെ സഖാവ് ശ്രീ. വി. ശിവൻകുട്ടിയെ പറഞ്ഞതിന്റെ ആയിരത്തിലൊന്ന് കുട്ടിക്കളുള്ള ഭാഷയിൽ നിങ്ങൾ വർത്തമാനം പറഞ്ഞോ; എന്തേ പറയുന്നില്ല ആ അനാവശ്യം കേട്ടിട്ട്. അതാണ് ശ്രീ. വി. ഡി. സതീശന്റെ സംസ്കാരമെന്നുള്ളത് ഒന്നുകൂടി ഞാൻ പറയുന്നു. കോൺഗ്രസ് പാർട്ടി ഗൗരവമായി ഈ കാര്യത്തെ കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ പത്തുവർഷക്കാലം കേരളം ആർജിച്ച നേട്ടങ്ങളെ മറ്റൊരു കാലഘട്ടവുമായി സാമ്യപ്പെടുത്താൻ സാധിക്കുന്നതാണോ; 2016-വരെയുള്ള കേരളം, 2016-മുതൽ 2021 വരെയുള്ള കേരളം, ഈ രണ്ടുകാലഘട്ടത്തെയും കൃത്യമായി നമുക്ക് രേഖപ്പെടുത്താൻ സാധിക്കില്ലേ; ഞാൻ എല്ലാ വിശദാംശങ്ങളും ദീർഘമായി ഓരോ പോയിന്റും പറഞ്ഞുപോകുന്നില്ല. കഴിഞ്ഞ പത്തുവർഷക്കാലം പവർക്കട്ടില്ലാത്ത ലോഡ് ഷെഡ്ഡിംഗില്ലാത്ത, നിയമന നിരോധനമില്ലാത്ത കാലമാണ്. 3333671 പേർക്ക് നിയമനം നൽകിയതും പൊതുമേഖല അടച്ചുപൂട്ടാത്തതുമായ പത്തുവർഷമാണ്. ട്രഷറി പൂട്ടാത്ത, 65 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ കൃത്യമായി നൽകുന്ന

പത്തുവർഷമാണ്. റേഷൻ മുടങ്ങാതെയും സർക്കാർ സ്കൂളുകൾ പൂട്ടാതെയും പാഠപുസ്തകം മുടങ്ങാതെയും പുതുതായി 901 സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്ത പത്തുവർഷമാണ്. 7700 കിലോ മീറ്റർ ബി.എം. ആൻഡ് ബി.സി. റോഡുകളാക്കിയ, 150 പാലങ്ങൾ നിർമ്മിച്ച പത്തുവർഷമാണ്. 87 വൻകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കിയ, 40 ലക്ഷം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളമെത്തിച്ച, യു.ഡി.എഫ്. ഉപേക്ഷിച്ച ഗെയിൽ പൈപ്പ്ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കിയ, എൻ.എച്ച്.-66 വികസനം യാഥാർത്ഥ്യമാക്കിയ, മലയോര ഹൈവേ യാഥാർത്ഥ്യമാക്കിയ പത്തുവർഷമാണ്. അതിദാരിദ്ര്യമില്ലാതാക്കിയ, അഞ്ച് ലക്ഷം പേർക്ക് ലൈഫ് ഭവന പദ്ധതിയിലൂടെ വീട് കൊടുത്ത, നാലേമുക്കാൽ ലക്ഷം കുടുംബങ്ങൾക്ക് പട്ടയം നൽകിയ പത്തുവർഷമാണ്. 6000 പേർക്ക് പുനർഗേഹം പദ്ധതിയിലൂടെ വീട് കൊടുത്ത, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ യാഥാർത്ഥ്യമാക്കിയ, വാട്ടർ മെട്രോ യാഥാർത്ഥ്യമാക്കിയ, നിക്ഷേപ സൗഹൃദമായി കേരളം വളർന്ന, 3.53 ലക്ഷം വ്യവസായ സംരംഭം ആരംഭിച്ച പത്തുവർഷമാണ്. യു.ഡി.എഫ്. എതിർത്തിട്ടും വിഴിഞ്ഞം തുറമുഖം, കെ-ഫോൺ എന്നിവ യാഥാർത്ഥ്യമാക്കിയ പത്തുവർഷമാണ്. കേന്ദ്ര വിഹിതം നൽകാതിരുന്നിട്ടും നൂറുകണക്കിന് പുലിമുട്ടുകൾ നിർമ്മിച്ച പത്തുവർഷമാണ്. 700 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചതും 640 കോടി രൂപയിൽനിന്ന്

1670 കോടി രൂപയായി സൗജന്യ ചികിത്സയ്ക്കായി പണം കൊടുത്തതും എല്ലാ ജില്ലയിലും കാത്ത് ലാബ് ആരംഭിച്ചതും ഇക്കഴിഞ്ഞ പത്തുവർഷങ്ങളിലാണ്. ബ്രഹ്മപുരം മാലിന്യ പ്ലാന്റുൾപ്പെടെ മാലിന്യ സംസ്കരണത്തിന്റെ മാതൃക തീർത്തു. നെല്ലിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുകയും പച്ചക്കറിയുടെയും പാലിന്റെയും ഉൽപാദനം കൂട്ടിയതും ഇക്കാലയളവിലാണ്. റോബോട്ടിക്സ് സർജറി ആരംഭിച്ച പത്തുവർഷമാണ്. റേഷൻ കടകൾ സ്മാർട്ടാക്കിയ പത്തുവർഷമാണ്. നൂറുകണക്കിന് എസ്.സി./എസ്.ടി നഗറുകൾ നവീകരിച്ച പത്തുവർഷമാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ച, യൂണിവേഴ്സിറ്റികളുടെയും കോളേജുകളുടെയും നിലവാരമുയർത്തിയ പത്തുവർഷമാണ്. 137 മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്ക് സർക്കാർ ഫീസ് കൊടുത്ത് ഡോക്ടർമാരാക്കിയതും എസ്.സി./എസ്.ടി. വിദ്യാർഥികൾക്ക് ഫീസ് നൽകി വിദേശത്ത് വിദ്യാഭ്യാസത്തിന് അയച്ചതും ഇക്കാലയളവിലാണ്. നൂറ് പഞ്ചായത്ത് കളിക്കളങ്ങൾ യാഥാർഥ്യമാക്കുകയും എല്ലാ ജില്ലകളിലും സ്റ്റേഡിയം നിർമ്മിക്കുകയും ചെയ്തു. ഇങ്ങനെ നേട്ടങ്ങൾ പറഞ്ഞാൽ രാത്രിവരെ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കാം. പൊതുവായ നേട്ടങ്ങൾക്കുപുറമേ, നമ്മൾ ഓരോ ആളുകളുടെയും മണ്ഡലങ്ങളിലേയ്ക്ക് നോക്കൂ. ആയിരക്കണക്കിന് കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നു. എന്റെ മണ്ഡലത്തിൽ 1809 കോടി

രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കി. ഈ അഞ്ചുവർഷക്കാലത്തെ കണക്കെടുത്തുനോക്കിയാൽ 263 കോടി രൂപയുടെ റോഡ് നിർമ്മാണം 270 കോടി രൂപയുടെ പാലങ്ങളുടെ നിർമ്മാണം അഞ്ച് പുതിയ കുടിവെള്ള ടാങ്കുകൾ, 360 കോടി രൂപയുടെ ആരോഗ്യമേഖലാ പദ്ധതികൾ, 49 പുലിമുട്ടുകൾ ഇങ്ങനെ അമ്പലപ്പുഴ മണ്ഡലത്തിൽത്തന്നെ നോക്കിയാൽ ആയിരക്കണക്കിന് കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്നുള്ളത് ഈ നാടിന്റെ യാഥാർത്ഥ്യമാണ്. പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലേയ്ക്കും ഈ നേട്ടങ്ങൾ എത്തിച്ച സർക്കാരാണ് പത്തുവർഷക്കാലം ഭരിച്ച ഈ സർക്കാരെന്ന് നമുക്ക് കാണാൻ സാധിക്കും. പ്രതിപക്ഷം സ്വപ്നലോകത്ത് ജീവിക്കുകയാണ്. കനഗോലു പറഞ്ഞതനുസരിച്ച് 100-ഉം 110-ഉം സീറ്റുകൾ നിങ്ങൾ സ്വപ്നം കാണുകയാണ്. മോദിയുടെ 400 സീറ്റ് പോലെ മലർപ്പൊടിക്കാരന്റെ സ്വപ്നമെന്ന് മുമ്പ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെയുള്ള നിലയിലേക്ക് നിങ്ങളുടെ സ്വപ്നങ്ങൾ ഇടിഞ്ഞുവീഴാൻ പോകുകയാണെന്നതാണ് യാഥാർത്ഥ്യം. അതിദാരിദ്ര്യം മുക്തമാക്കപ്പെട്ട ഇന്നാട്ടിലെ പാവങ്ങളായ മനുഷ്യരാണ് ഞങ്ങളുടെ കനഗോലുമാർ, അഞ്ച് ലക്ഷം കുടുംബങ്ങളിൽ താമസിക്കുന്ന

പാവങ്ങളാണ് ഞങ്ങളുടെ കനഗോല്യമാർ. പെൻഷൻ വാങ്ങുന്ന 65 ലക്ഷം കുടുംബങ്ങളാണ് ഞങ്ങളുടെ കനഗോല്യമാർ, അങ്ങനെ ഇന്നാട്ടിലെ പാവങ്ങളെ കരുത്താക്കി മാറ്റിയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. നിശ്ചയമായും നിങ്ങൾക്ക് സ്വപ്നങ്ങൾ കാണുന്നത് അവസാനിപ്പിക്കാമെന്ന് മാത്രമേ പറയാനുള്ളൂ. കഴിഞ്ഞ പത്ത് വർഷക്കാലം കേരളം കടന്നുവന്ന വഴികളിലെ മുഖ്യ നേതൃത്വമായ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റ് ചെയ്തത് എന്തെല്ലാം മുന്നേറ്റങ്ങളാണെന്ന് നമ്മുടെ കൺമുന്നിൽ യാഥാർത്ഥ്യമായുണ്ട്. നമ്മുടെ നാട്ടിൽ ബൊഗൈൻവില്ല എന്നൊരു ചെടിയുണ്ട്. കടലാസ് ചെടിയെന്നാണ് നാട്ടിലിതിനെ പറയുന്നത്. വേനൽക്കാലത്തും പൂക്കുന്ന ചെടിയാണത്. നല്ല ചൂടിൽ എല്ലാ ചെടികളും വാടിക്കരിയുമ്പോൾ, എല്ലാ പൂക്കളും കണ്ണടയ്ക്കുമ്പോൾ അത് പൂത്ത് നിൽക്കും. ഫ്രഞ്ച് ബൊട്ടാണിസ്റ്റ് Philibert Commeron-നാണ് ഈ ചെടി കണ്ടെത്തിയത്. അദ്ദേഹത്തിന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്ത് Louis Antoine de Bougainville-യുടെ പേരാണ് ആ ചെടിക്ക് നൽകിയത്. അങ്ങനെയാണ് ആ ചെടിക്ക് Bougainville-എന്ന പേര് ലഭിച്ചത്. ആ ചെടി നമുക്കൊരു പാഠം

പകരുന്നുണ്ട്. എത്ര കടുത്ത വേനലിലും ചിരിച്ച് നിൽക്കാൻ പഠിക്കുക, എത്ര കടുത്ത നോവിലും നിവർന്ന് നിൽക്കുക, ഏത് കടുത്ത വേദനയെയും അതിജീവിക്കുക, ഏത് സങ്കടകാലത്തിലും പ്രതീക്ഷയോടെ മുന്നോട്ടുപോകാൻ കഴിയുമെന്ന് മനുഷ്യരെ പഠിപ്പിക്കുക, പ്രാരാബ്ധങ്ങളിൽ, പരീക്ഷണങ്ങളിൽ, സങ്കടങ്ങളിൽ വാടരുത്, ജീവിതത്തെ നിറഞ്ഞ പുഞ്ചിരിയോടെ നേരിടണം, പുഷ്പിക്കണം, നിവർന്നു നിൽക്കണം. ഈ പാഠം പഠിപ്പിച്ചത് കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. അതുകൊണ്ട് ഏത് പ്രയാസമേറിയ കാലത്തും പുഷ്പിച്ചുനിൽക്കുന്ന Bougainville-യാണ് ശ്രീ. പിണറായി വിജയൻ എന്നതാണ് ഈ കേരളത്തിന്റെ കരുത്ത്. ആ കരുത്തോടെ ഈ കേരളം മൂന്നാം ഇടതുപക്ഷ സർക്കാരിലേക്ക് സഞ്ചരിക്കുമെന്ന കാര്യം യാതൊരു തർക്കവുമില്ലാത്ത കാര്യമാണെന്നുകൂടി പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കുരുക്ഷേത്ര യുദ്ധത്തിൽ മരണം കാത്ത് കിടക്കുന്ന

ശരശയ്യയിലെ ഭീഷ്മരെപ്പോലെയാണ് ഈ സർക്കാർ. ഉത്തരായനത്തിലെത്തിയാൽ മരണം സംഭവിക്കുമെന്നത് യാഥാർത്ഥ്യമാണ്. വരാൻ പോകുന്ന തിരഞ്ഞെടുപ്പോടുകൂടി ഈ സർക്കാരിന്റെ അന്ത്യം കുറിക്കാൻ പോകുന്നുവെന്നതാണ് വസ്തുത. ഞാൻ നിരവധി തവണ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളാണ്. നമ്മളിവിടെ കഴിഞ്ഞ ദിവസം കണ്ടതെന്താണ്? ഗവർണ്ണർ ഒരു പ്രസംഗം വായിക്കുന്നു. ഗവർണ്ണറെ യാത്രയാക്കിയശേഷം മുഖ്യമന്ത്രി വേറൊരു പ്രസംഗം വായിക്കുന്നു. അത് കഴിഞ്ഞ് സ്പീക്കർക്ക് ഗവർണ്ണർ എഴുതുന്നു. ഗവർണ്ണർക്ക് മറുപടിയില്ലായെന്ന് സ്പീക്കർ പറയുന്നു. പാർലമെന്ററി ജനാധിപത്യത്തിൽ പരസ്പരം പാലിക്കേണ്ട മര്യാദകൾ പാലിക്കുന്നില്ലെന്ന് മാത്രമല്ല ഇവിടെ ഗവർണ്ണറും ഞങ്ങളും തമ്മിൽ യുദ്ധമാണെന്ന് നാട്ടുകാരെ ബോധിപ്പിക്കാനുള്ള പാഴ്വേല കൂടിയാണ് നടക്കുന്നത്. കേന്ദ്ര വിരുദ്ധ സമരം ഇവർ നടത്തിയത് എവിടെയാണ്? നിങ്ങൾ ഡൽഹിയിലോ രാജ്ഭവന് മുന്നിലോ സമരം നടത്തിയാൽ മനസ്സിലാക്കാം. എന്നാൽ രക്തസാക്ഷി മണ്ഡപത്തിലാണ് നിങ്ങൾ ആ സമരം നടത്തിയത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് വേണ്ടി പടപൊരുതിയ രക്തസാക്ഷികളെന്ത് പിഴച്ചു.

രാജ്ഭവന്റെ മുന്നിൽപ്പോലും സമരം ചെയ്യാനുള്ള ആർജ്ജവം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ലെന്ന് നിങ്ങൾ തെളിയിച്ചു. നിങ്ങൾ സമരം ചെയ്യേണ്ടത് ഡൽഹിയിലായിരുന്നു നിങ്ങളത് ചെയ്തില്ല. പോട്ടെ, രാജ്ഭവനിലെങ്കിലും സമരം ചെയ്യണമായിരുന്നു അതും ചെയ്തില്ല. കേന്ദ്ര വിരുദ്ധ സമരമെന്ന് പറഞ്ഞ് നിങ്ങൾ ജനങ്ങളെ പറ്റിക്കാൻ ശ്രമിക്കുകയാണ്. ഗവൺമെന്റിന് പ്രതിസന്ധി ഉണ്ടാകുമ്പോൾ നിങ്ങൾ ഗവർണ്ണറുമായി വഴക്കിടുന്നു. നിങ്ങളും ഗവർണ്ണറും തമ്മിലുള്ള ഒത്തുകളിയാണിതെന്ന് ഞങ്ങൾ അന്ന് മുതലേ പറയുന്നുണ്ട്. വി. സി. നിയമനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രശ്നങ്ങളാണുണ്ടായത്. വി. സി. നിയമനവുമായി ബന്ധപ്പെട്ട് ഗവർണ്ണർക്കെതിരെ കരിങ്കൊടി പ്രകടനങ്ങൾ നടത്തി. എസ്.എഫ്.ഐ.-ക്കാരും ഡി.വൈ.എഫ്.ഐ.-ക്കാരും സംഘി ഗവർണ്ണർ എന്ന് പറഞ്ഞ് അദ്ദേഹത്തെ എത്ര തവണ തടഞ്ഞു; ഭാരതാംബയുടെ ചിത്രം വയ്ക്കാൻ അനുമതി നിഷേധിച്ച രജിസ്ട്രാറെ പുറത്താക്കി. അനിൽ കുമാറെന്ന രജിസ്ട്രാർ മാത്രമാണ് രക്തസാക്ഷിയായത്. വി. സി.-മാരെ നിയമിക്കൽ നിങ്ങൾ പങ്കിട്ടെടുത്തു. വി. സി. മാരുടെ നിയമനത്തിൽ മുഖ്യമന്ത്രിയും ഗവർണ്ണറും ചേർന്ന് തീരുമാനമെടുത്തു.

മെരിറ്റല്ലല്ലോ നിങ്ങൾ നോക്കിയത്; നിങ്ങൾ പങ്കിട്ടെടുത്തു. നിങ്ങളും ഗവർണ്ണറുമായി എന്ത് പ്രശ്നമാണിവിടെയുള്ളത്? വി.സി. നിയമനം ഗവർണ്ണറുമായി പങ്കിട്ടെടുത്തപ്പോൾ നിങ്ങളുടെ പ്രശ്നം തീർന്നു. നിങ്ങൾക്ക് വേണ്ടത് പങ്കുവയ്പ്പാണ്. ഗവർണ്ണറും കേന്ദ്രഗവൺമെന്റുമായി നിങ്ങൾ ഒത്തുതീർപ്പിലാണ്. കേരളത്തിലെ മുഖ്യമന്ത്രി എന്നെങ്കിലും ശ്രീ. നരേന്ദ്ര മോദിയെ വിമർശിച്ച് കേട്ടിട്ടുണ്ടോ? ശ്രീ. അമിത് ഷായെ വിമർശിച്ച് കേട്ടിട്ടുണ്ടോ? ശ്രീ. നരേന്ദ്ര മോദിക്കെതിരായി സഭയിലോ പുറത്തോ ഒരു വാക്ക് സംസാരിക്കാൻ തയ്യാറാകുന്നുണ്ടോ? കാരണം നിങ്ങൾ തമ്മിലുള്ള ധാരണയാണത്. നിങ്ങൾ തമ്മിലുള്ള ധാരണ വളരെ വ്യക്തമാണ്. നിങ്ങൾക്ക് യാതൊരു ആത്മാർത്ഥതയുമില്ലെന്ന് മാത്രമല്ല കേന്ദ്ര ഗവൺമെന്റുമായി നിങ്ങൾ ഒത്തുതീർപ്പിലാണ്. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ നിങ്ങളത് തെളിയിച്ചതാണ്. ബി.ജെ.പി.-യുടെയും ബി.ഡി.ജെ.എസ്സ്.-ന്റെയും വോട്ട് വാങ്ങിയാണ് തുടർഭരണം ഉണ്ടായത്. വീണ്ടും തുടർഭരണത്തിനായി അങ്ങനെയൊരു കൂട്ടുകെട്ടുണ്ടാക്കാൻ നിങ്ങൾ ശ്രമിക്കുന്നു. കേരളത്തിലെ ജനങ്ങളിത് അംഗീകരിക്കില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായ യു.ഡി.എഫ്.-ന്റെ അഭൂതപൂർവമായ മുന്നേറ്റ

സമയത്ത് നിങ്ങൾ പറഞ്ഞത് പാർലമെന്റ് തെരഞ്ഞെടുപ്പായതിനാലാണ് ഇങ്ങനെയുണ്ടായത് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇത്തരത്തിൽ ഉണ്ടാകില്ലെന്നാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. നേടിയ വമ്പിച്ച മുന്നേറ്റം കേരളജനതയുടെ യഥാർത്ഥ വികാരത്തെ സൂചിപ്പിക്കുന്ന ഒന്നാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പിലും ഞങ്ങൾ നേടിയ വിജയം, ചേലക്കര ഒഴിച്ചുള്ള എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. നേടിയ വമ്പിച്ച വിജയം ഇതെല്ലാം ജനവികാരത്തിന്റെ യഥാർത്ഥ അളവുകോലാണ്, ജനങ്ങളെവിടെ നിൽക്കുന്നുവെന്നതിന്റെ അളവുകോലാണ്. 2026 മെയ്-ൽ നടക്കാൻ പോകുന്ന നിയമസഭ തെരഞ്ഞെടുപ്പിൽ നൂറ് സീറ്റ് നേടി ഞങ്ങൾ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ തർക്കം വേണ്ട. പരാജിതന്റെ കപട ആത്മവിശ്വാസമാണ് മുഖ്യമന്ത്രിക്കും അപ്പുറത്തുള്ള മറ്റ് ആളുകൾക്കും ഉള്ളത്. ഇത്രയും തോൽവി ഏറ്റുവാങ്ങിയിട്ടും നിങ്ങൾ ആ കപട ആത്മവിശ്വാസം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിന് ജനങ്ങൾ മറുപടി നൽകാൻ പോകുകയാണ്.

ന്യൂനപക്ഷ ഭൂരിപക്ഷ വർഗീയതയെ നിങ്ങൾ പരസ്പരം

താലോലിക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ ന്യൂനപക്ഷത്തെപ്പറ്റിയാണ് വാചാലമായി സംസാരിച്ചത്. കേരളത്തിലെ മുഖ്യമന്ത്രി സി.ഐ.എ.-യുടെ കാര്യമാണ് എല്ലാ യോഗങ്ങളിലും പ്രസംഗിച്ചത്. ഈ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾ ദേശീയബോധം ഉൾക്കൊണ്ടുകൊണ്ട് യു.ഡി.എഫ്.-ന് അനുകൂലമായി വോട്ട് ചെയ്തപ്പോൾ നിങ്ങൾ അവരെ പുറം കാല് കൊണ്ട് അടിച്ചു. ഭൂരിപക്ഷത്തെ നിങ്ങൾ ആലിംഗനം ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. ഇപ്പോൾ നിങ്ങൾ ഭൂരിപക്ഷ വർഗീയതയെ താലോലിക്കാനായി ഇത്രയും കാലം ഇല്ലാതിരുന്ന ശബരിമല ആഗോള അയ്യപ്പ സംഗമം നിങ്ങൾ നടത്തുന്നു. ശബരിമല ആഗോള അയ്യപ്പ സംഗമത്തെപ്പറ്റി നിങ്ങൾ ഓർത്തത് പാർലമെന്റ് തിരഞ്ഞെടുപ്പ് പരാജയത്തിന് ശേഷം മാത്രമാണ്. ആഗോള അയ്യപ്പ സംഗമം കഴിഞ്ഞുള്ള നിങ്ങളുടെ ഒരോ പ്രവർത്തനങ്ങളും എടുത്തുനോക്കിയാൽ കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ഭൂരിപക്ഷത്തിന്റെ വോട്ട് നേടാനുള്ള രാഷ്ട്രീയ തന്ത്രമാണ് സ്വീകരിക്കുന്നതെന്ന് മനസ്സിലാക്കാം. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ജമാഅത്തെ ഇസ്ലാമിയായിരിക്കും ആഭ്യന്തരമന്ത്രിയെന്നാണ് ശ്രീ. എ. കെ. ബാലൻ പ്രസംഗിച്ചത്. ശ്രീ. സജി

ചെറിയാന്റെ പ്രസംഗമെന്താണ്? ശ്രീ. സജി ചെറിയാൻ മൂന്നോ നാലോ പ്രസംഗങ്ങൾ നടത്തിയാൽ ഞങ്ങളുടെ ജോലി എളുപ്പമായെന്നാണ് എന്റെ വിശ്വാസം. ശ്രീ. സജി ചെറിയാന്റെ പ്രസംഗത്തിലൂടെ സി.പി.ഐ.(എം) എവിടെ നിൽക്കുന്നുവെന്ന കാര്യം ജനങ്ങൾക്ക് ബോധ്യപ്പെട്ടു. ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നാല് സി.പി.ഐ(എം) നേതാക്കന്മാർ ജയിലിലാണ്. ആരാണ് പത്മകുമാർ? ഈ സഭയിലെ സി.പി.ഐ (എം) -ന്റെ അംഗമായിരുന്നു. ആരാണ് വാസു; ആരാണ് വിജയകുമാർ; ആരാണ് ശങ്കർ ദാസ്? ഈ നാല് സി.പി.ഐ (എം) നേതാക്കന്മാർ ജയിലിൽ കിടന്നിട്ടും അവരുടെ പേരിൽ ചെറിയ നടപടിയെടുക്കാൻ പോലും പാർട്ടി തയ്യാറായിട്ടില്ല. എന്തുകൊണ്ട് നിങ്ങൾ നടപടി സ്വീകരിക്കുന്നില്ല, നിങ്ങളാണ് അവരെ സംരക്ഷിക്കുന്നത്. സി.പി.ഐ.(എം) സംരക്ഷിക്കുന്നു, ഗവൺമെന്റ് സംരക്ഷിക്കുന്നു. ശബരിമലയിലെ അയ്യപ്പന്റെ സ്വർണ്ണം അടിച്ചുമാറ്റിയ അമ്പലക്കള്ളന്മാരെ നിങ്ങൾ സംരക്ഷിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. അന്വേഷണം മുന്നോട്ടുപോകുമ്പോൾ ഗവൺമെന്റ് എസ്.ഐ.ടി.(Special Investigation Team)-ക്ക് മേൽ സമ്മർദ്ദം ചെലുത്തുന്നു. എസ്.ഐ.ടി.

കുറ്റപത്രം പോലും കൊടുക്കുന്നില്ല, എല്ലാം പുറത്തുവരാൻ പോകുകയാണ്. എസ്.ഐ.ടി. എന്തുകൊണ്ട് പാർഷ്യൽ കുറ്റപത്രംപോലും സമർപ്പിക്കുന്നില്ലെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ? ശബരിമല ലോകത്തിലെ ഏറ്റവും വലിയ മതേതര കേന്ദ്രമാണ്. എല്ലാ മതവിശ്വാസികൾക്കും അവിടെ പോകാം. മതേതരത്വത്തിന്റെയും ഐക്യത്തിന്റെയും ദേശീയ അഖണ്ഡതയുടേയും പ്രതീകമായ ശബരിമലയിലെ സ്വർണ്ണം മുഴുവൻ അടിച്ചുമാറ്റിയ കൊള്ളക്കാരെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരുന്നതിൽ കേരളത്തിലെ വിശ്വാസി സമൂഹമാകെ വേദനിക്കുകയാണ്. നിങ്ങൾക്ക് രക്തസാക്ഷി ഫണ്ട് മുക്കിയ ആൾക്കെതിരെ സംസാരിച്ചതിന് ശ്രീ. കുഞ്ഞികൃഷ്ണന്റെ പേരിൽ നടപടിയെടുക്കാം. ഞാൻ ആ രക്തസാക്ഷിയുടെ വീട് സന്ദർശിച്ചിരുന്നു. ഞാൻ അവസാനിപ്പിക്കാം. വളരെ പാവപ്പെട്ടൊരു വീടാണ്. പയ്യന്നൂരിലെ ആ വീട്ടിൽ ഞാൻ പോയിട്ടുള്ളതാണ്. അവർക്കുവേണ്ടി സംഭരിച്ച തുക അടിച്ചുമാറ്റിയ ആളുകളുടെ കാര്യം തുറന്ന് പറഞ്ഞതിനാണ് ശ്രീ. കുഞ്ഞികൃഷ്ണനെ നിങ്ങൾ പുറത്താക്കിയത്. ശബരിമല അയ്യപ്പന്റെ സ്വർണ്ണം അടിച്ചുമാറ്റിയ നാല് അമ്പലകള്ളന്മാർ ജയിലിൽ കിടക്കുമ്പോൾ

അവരെ നിങ്ങൾ സംരക്ഷിക്കുകയാണ്. ഇതെന്ത് ന്യായവും നീതിയുമാണ് ! ഒരു പാർട്ടി ചെയ്യേണ്ട കാര്യമാണോ ഇത്? ഇതൊക്ക ജനങ്ങളുടെ മുമ്പിലുണ്ട്. നിങ്ങൾ എത്ര ഗൃഹസന്ദർശനം നടത്തിയാലും നാട്ടുകാരെ കള്ളം പറഞ്ഞ് ബോധ്യപ്പെടുത്താൻ ശ്രമിച്ചാലും ഈ ഉയർന്നുനിൽക്കുന്ന ചോദ്യത്തിന്റെ മറുപടി നാളെ നിങ്ങൾ പറയേണ്ടിവരും, ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്തൊരു ഭരണകൂടം, ജനങ്ങൾക്കത് ബോധ്യപ്പെട്ടു. ശ്രീ. എച്ച്. സലാം ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു. പക്ഷേ, അതൊന്നും ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് അവർ നിങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഭരണം മാറണമെന്നുള്ളത് ജനങ്ങളുടെ ആഗ്രഹമാണ്. ജനങ്ങൾ നിശ്ചയിച്ചുറപ്പിച്ചൊരു കാര്യമാണ്. ഈ സംസ്ഥാനത്തെ ജനങ്ങൾ യു.ഡി.എഫ്.-നെ അധികാരത്തിൽ കൊണ്ടുവരാൻവേണ്ടി കാത്തിരിക്കുന്നു. തീർച്ചയായും കേരളത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും കേരളത്തിലെ മൂന്നരകോടി ജനങ്ങളുടെ അഭ്യുന്നതിക്കുംവേണ്ടി ഞങ്ങളൊരു ഗവൺമെന്റുണ്ടാക്കും. ആ ഗവൺമെന്റ് നാടിന് പ്രയോജനം ചെയ്യുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദി

പ്രമേയത്തെ എതിർക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, വൈക്കത്തിന്റെ അഭിമാനമായ മഹാകവി പാലാ നാരായണൻ നായരുടെ വരികളിലൂടെയാണ് ഞാൻ ഈ നയപ്രഖ്യാപനത്തിന്റെ പിന്തുണ പ്രഖ്യാപിക്കുന്നത്.

" കേരളം വളരുന്നു
പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും
ചെന്നന്യമാം രാജ്യങ്ങളിൽ...."

എന്ന് മഹാകവി എഴുതിയിട്ടുള്ളതാണ്. ഈ വരികൾക്ക് അർത്ഥപൂർണത കൈവരുന്നത് കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെയാണെന്നത് നമുക്ക് അഭിമാനം നൽകുന്ന കാര്യമാണ്. ഇങ്ങനെ അഭിമാനപൂർണമായൊരു ഭരണം നിലനിൽക്കുമ്പോഴാണ് എനിക്ക് മുമ്പ് സംസാരിച്ച മുൻ പ്രതിപക്ഷ നേതാവ് കുറേ കാര്യങ്ങളിവിടെ സംസാരിച്ചിട്ടുള്ളത്. അദ്ദേഹം ആദ്യം പറഞ്ഞൊരുകാര്യം ബി.ജെ.പി. സർക്കാരിനെതിരെ നമ്മുടെ സർക്കാർ, മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ

എവിടെയെങ്കിലും ഒരു വാക്ക് സംസാരിച്ചിട്ടുണ്ടോയെന്നതാണ്. മുഖ്യമന്ത്രിയുടെയും ഇവിടെ ഇരിക്കുന്ന മന്ത്രിമാരുടെയും നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ എം.എൽ.എ.-മാരും എം.പി.-മാരും ഡൽഹിയിൽ പാർലമെന്റ് മന്ദിരത്തിന് മുന്നിൽ സമരം നടത്തുമ്പോൾ കേരളത്തിന്റെ അവകാശ പോരാട്ടങ്ങൾക്കുവേണ്ടിയുള്ള അത്യുജ്ജ്വലമായ ആ സമര പോരാട്ടങ്ങളുടെ വേദിയിൽ ഈ കോൺഗ്രസ്സിന്റെ സ്ഥാനം എവിടെയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇവിടെനിന്നും അത്തരത്തിലൊരു സമരം തീരുമാനിക്കുമ്പോൾ യു.ഡി.എഫ്.-ന്റെ പ്രതിനിധികളെ വിളിച്ച് സംസാരിച്ചതല്ലേ? കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നമുക്ക് ഇത്തരത്തിലൊരു സമരം ചെയ്യണമെന്ന് സൂചിപ്പിച്ചപ്പോൾ ഞങ്ങൾ ആലോചിച്ച് പറയാമെന്ന് പറഞ്ഞുപോയ പ്രതിപക്ഷ നേതാവിനെ പിന്നെ നമ്മൾ പൊടിയിട്ടിട്ടുപോലും കണ്ടില്ല. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എച്ച്. സലാം എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് അവരുടെതന്നെ നേതാക്കന്മാരും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെയുള്ളവർ പറഞ്ഞതാണ്; പകൽ അവർ ആരാണെന്നും രാത്രി/സന്ധ്യയാകുമ്പോൾ അവർ ആരാണെന്നുള്ളതും. ഞാനത് വിശദമായി ഈ

സഭയിൽ പറയാൻ ആഗ്രഹിക്കുന്നില്ല. അത്തരത്തിലുള്ള സമീപനമെടുക്കുന്ന കോൺഗ്രസിന്റെ നേതാക്കന്മാരാണ് ഇവിടെ നിന്നുകൊണ്ട് പറയുന്നത് കേരളത്തിലെ മുഖ്യമന്ത്രിയോ അല്ലെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ ബി.ജെ.പി.-ക്കെതിരെ ഒരു വാക്കുപോലും സംസാരിക്കുന്നില്ലെന്ന്. കഴിഞ്ഞ ലോക്കൽ ബോഡി തിരഞ്ഞെടുപ്പിന്റെ വിജയത്തിന്റെ ഉന്മാദത്തിൽ നിന്നുകൊണ്ട് അദ്ദേഹം സംസാരിക്കുകയുണ്ടായി. എന്തിനാണ് ബി.ജെ.പി.-ക്ക് ആളുകളെ റിക്രൂട്ട് ചെയ്യാനോ? മട്ടന്നൂർ നമ്മുടെ മുമ്പിലുണ്ട്. ഒരാളോ അല്ലെങ്കിൽ ഒരു മെമ്പർഷിപ്പ് പോലുമില്ലാത്ത ഇടതുപക്ഷത്തെ ആരെങ്കിലും ബി.ജെ.പി.-യിലേക്കോ കോൺഗ്രസിലേക്കോ പോയാൽ ഇടതുപക്ഷമാകെ പോയെന്നാണ് അടുത്ത ദിവസം വാർത്താ മാധ്യമങ്ങളെഴുതുന്നത്. അവർ ജനിച്ചിട്ട് മെമ്പർഷിപ്പ് പോലും എടുത്തിട്ടുണ്ടാകില്ല. ഞങ്ങളുടെ നാട്ടിൽ അങ്ങനെ നടക്കുന്നുണ്ട്. പേരുകൊണ്ട് ഇടതുപക്ഷ നേതാക്കന്മാരുടേയോ അല്ലെങ്കിൽ ഇടതുപക്ഷ സഹയാത്രികരുടേയൊ പേരുള്ളവർ ബി.ജെ.പി.-യിലേക്ക് പോകുമ്പോൾ ഉടനെ പറയുന്നത് ഇടതുപക്ഷമപ്പാടെ/കമ്മ്യൂണിസ്റ്റുകാർ അപ്പാടെ ബി.ജെ.പി.-യിലേക്ക് പോയെന്ന്. പേര് അങ്ങനെ പലതുമിടും. എന്ന് പറഞ്ഞതുപോലെയാണോ ഇവരുടെ കാര്യം? വോട്ട് ചെയ്ത് ജയിപ്പിച്ച് ഒരു പഞ്ചായത്ത് രൂപീകരിക്കാനുള്ള അവസരം നൽകിയ

ജനങ്ങളെ അപ്പാടെ കബളിപ്പിച്ചുകൊണ്ട് പ്രസിഡന്റും ഒരു പഞ്ചായത്തിലെ ഭരണസമിതിയുൾപ്പെടെ ബി.ജെ.പി.-യിലേക്ക് പോകുകയാണ്. ഇത് കേരളത്തിലാണ്. അത്തരത്തിലുള്ള കോൺഗ്രസുകാരാണ് ഇവിടെ വന്ന് പറയുന്നത് നമ്മൾ ബി.ജെ.പി.-ക്കെതിരെ ഒരക്ഷരം പറയുന്നില്ലെന്ന്. ഇവർ അടുത്ത നിയമസഭ തിരഞ്ഞെടുപ്പിൽ വലിയ സ്വപ്നം കാണുന്നുണ്ട്. മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമായി അത് അവശേഷിക്കും. കാരണമെന്തെന്നാൽ, കേരളത്തിലെ ജനങ്ങൾക്കറിയാം ഈ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വലിയ നേട്ടമുണ്ടാക്കിയെന്ന് ഇവർ പറയുമ്പോൾ ഇവർ ചെയ്യുന്ന പ്രവർത്തികൾ അവർ കണ്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല കഴിഞ്ഞ പത്ത് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ജനങ്ങൾ തീർച്ചയായും ഈ വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇവർക്ക് മറുപടി കൊടുക്കുമെന്നുള്ളതിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, ഞങ്ങൾക്ക് 30 സീറ്റ് കിട്ടിയാൽ കേരളത്തിലെ നിയമസഭ ഞങ്ങൾ ഭരിക്കുമെന്ന് ബി.ജെ.പി.-യുടെ മുൻ നേതാവായിട്ടുള്ള ശ്രീ. കെ. സുരേന്ദ്രൻ നേരത്തെ പറഞ്ഞൊരു വാക്കുണ്ട്. അദ്ദേഹം ആരെ മുന്നിൽ

കണ്ടുകൊണ്ടാണ് അത്തരത്തിലൊരു പ്രസ്താവന നടത്താൻ തയ്യാറായത്? അതിന്റെ പ്രതിഫലനമല്ലേ കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ കേരളത്തിൽ നടന്നത്. ബി.ജെ.പി.-ക്ക് 30 സീറ്റ് കിട്ടിയാൽ ഇവിടെ എ.ഐ.സി.സി. (All India Congress Committee)-ലുള്ളവർ ബി.ജെ.പി.-യിലേക്ക് പോകുമോയെന്ന് നിങ്ങൾ പരിശോധിക്കൂ, എന്നിട്ട് പറയൂ. അല്ലെങ്കിൽ ഇവിടെ നിയമസഭയിൽ നിങ്ങൾക്ക് കിട്ടുന്ന സീറ്റുകൾ അപ്പാടെ അവർ വിലയ്ക്കെടുത്തുകൊണ്ട് ഈ കേരളം ബി.ജെ.പി. ഭരിക്കുന്നതിനുള്ളൊരു ഇടം നിങ്ങൾ നൽകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള കാര്യങ്ങളൊക്കെ കേരളത്തിലും ഇന്ത്യയിലാകെത്തന്നെയും നടക്കുന്ന സന്ദർഭത്തിലാണ് ഇവിടെ മുൻ പ്രതിപക്ഷ നേതാവ് കൂടിയായിട്ടുള്ള ശ്രീ. രമേശ് ചെന്നിത്തല ഗവർണറുടെ നയപ്രഖ്യാപനത്തിന്റെ കാര്യമുൾപ്പെടെ പറഞ്ഞുകൊണ്ട് ഇടതുപക്ഷം ബി.ജെ.പി.-യുമായി കൂട്ടുകെട്ടാണെന്ന് പറയുന്നത്. നമുക്കറിയാവുന്നതുപോലെ ക്യാബിനറ്റ് തീരുമാനിക്കുന്ന ഗവൺമെന്റിന്റെ നയമാണ് ഒരു ഭരണഘടനാ സ്ഥാപനത്തിൽ നിന്നുകൊണ്ട് അല്ലെങ്കിൽ ഒരു ഭരണഘടനാ സ്ഥാനത്ത് നിന്നുകൊണ്ട് ഗവർണർ ഇവിടെ പ്രഖ്യാപിക്കേണ്ടത്. നാളിതുവരെയുള്ള കേരളത്തിന്റെ ചരിത്രത്തിൽ ഇന്ത്യയുടെതന്നെ ചരിത്രം

പരിശോധിച്ചാൽ ഇത്തരത്തിൽ ക്യാബിനറ്റ് തീരുമാനിച്ചൊരു നയത്തിന് വ്യത്യസ്തമായി ഒരു ഗവർണർ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ? അങ്ങനെയല്ലാത്ത പക്ഷം ഈ നിയമസഭ ഒന്നാകെയല്ലേ പ്രതിഷേധമുണ്ടാക്കേണ്ടത്. മുഖ്യമന്ത്രി പിന്നീട് ഇവിടെ ക്യാബിനറ്റ് തീരുമാനിച്ച പ്രസംഗമാണ് ക്വാട്ടുചെയ്ത് സംസാരിച്ചത്. ഗവർണ്ണർ കൂട്ടിച്ചേർത്ത ഭാഗം കൂടി അദ്ദേഹം ക്വാട്ടുചെയ്ത് സംസാരിച്ചു. ഭരണഘടനാ സ്ഥാനത്ത് നിന്നുകൊണ്ടൊരാൾ അത്തരത്തിലുള്ളൊരു കാര്യം ചെയ്യുമ്പോൾ ഈ സഭയൊന്നാകെ തന്നെ പ്രതിഷേധിക്കേണ്ടതാണ്. അവിടെ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോയില്ല, ഇത് കേരളമാണ്. നമ്മൾ കേരളത്തിന്റെ വികസനക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ളൊരു നയം പ്രഖ്യാപിക്കുമ്പോൾ ഇത്തരത്തിൽ ഭരണഘടനാനുസൃതമല്ലാത്ത രീതിയിലൊരു സ്ഥാപനത്തിന്റെ അധികാരി നിലപാടെടുത്താൽ അതിനെതിരെ ഒരുമിച്ച് നിന്നാണ് പോരാടേണ്ടത്. അതല്ലാതെ പത്രസമ്മേളനം നടത്തി അവർ രണ്ടുപേരും ഒന്നാണെന്ന് പറയുന്നതല്ല കേരളത്തിന് അഭികാമ്യം. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങളൊക്കെ പറഞ്ഞു വരുമ്പോൾ നിങ്ങളെന്താണ് നാളിതുവരെ ബി.ജെ.പി.-ക്ക് എതിരായി സംസാരിച്ചിട്ടുള്ളതെന്നുകൂടി പറഞ്ഞാൽ വലിയ ഉപകാരമായിരിക്കും. അക്കാര്യങ്ങൾ കൂടുതലായി പറഞ്ഞുപോകാൻ ഞാൻ

ആഗ്രഹിക്കുന്നില്ല. നമ്മുടെ ഈ കഴിഞ്ഞ പത്ത് വർഷക്കാലം കേരളത്തിന്റെ സുവർണകാലഘട്ടം എന്നുതന്നെ അടയാളപ്പെടുത്താം. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. എച്ച്. സലാം എം.എൽ.എ. പത്ത് വർഷക്കാലം കൊണ്ട് ഗവൺമെന്റ് നടത്തിയ ഒട്ടേറെ കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഈ കാലഘട്ടത്തിൽ നമ്മളെന്തെല്ലാം പ്രതിസന്ധികളെയാണ് തരണം ചെയ്യേണ്ടിവന്നത്. മഹാപ്രളയം ഈ ഒരു കാലഘട്ടത്തിലാണുണ്ടായത്. ചൂരൽമലയിലുണ്ടായിട്ടുള്ള ഉരുൾപൊട്ടലുൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ നമുക്ക് മറക്കാനാവുന്നതല്ല. കോവിഡ്-19 എന്ന മഹാമാരി ലോകമാകെയുണ്ടായ ഒരു കാലഘട്ടം കൂടിയായിരുന്നു ഇത്. നിപയും ഓഖിയും ഉൾപ്പെടെയുള്ള നിരവധിയായിട്ടുള്ള മഹാമാരികളും അതോടൊപ്പംതന്നെ പ്രകൃതി ക്ഷോഭങ്ങളേയും പ്രകൃതി ദുരന്തങ്ങളേയുമെല്ലാം മറികടന്നുകൊണ്ടാണ് ഈ കേരളത്തെ കേരളമായി ഇടതുപക്ഷ സർക്കാർ കെട്ടിപ്പടുത്തിട്ടുള്ളതെന്ന് നാം മനസ്സിലാക്കണം. പ്രകൃതി ദുരന്തങ്ങളും മഹാമാരിയും ഒരുവശത്ത് നിൽക്കുമ്പോൾ ഒരു ഫെഡറൽ സംവിധാനമെന്ന നിലയിൽ കേരളത്തെ കേന്ദ്ര ഗവൺമെന്റ് ഏതുതരത്തിലാണ് സമീപിക്കുന്നതെന്ന് നമുക്കറിയാം. അതിന്റെ ഭാഗമായിട്ടാണ് ഞാൻ നേരത്തെ സൂചിപ്പിച്ച സമരങ്ങളുൾപ്പെടെ ഡൽഹിയിൽ നമുക്ക് നടത്തേണ്ടിവന്നത്. ഒരു

ഫെഡറൽ സംവിധാനത്തിൽ നിലനിൽക്കുന്ന ഒരു സ്റ്റേറ്റിന് സുപ്രീം കോടതിയെ സമീപിക്കേണ്ടിവന്ന സാഹചര്യവും അതുതന്നെയാണ്. മുമ്പ് സെയിൽസ് ടാക്സ് ആയിരുന്ന സമയത്ത് അർഹതപ്പെട്ട നികുതി മുഴുവൻ നമ്മുടെ സംസ്ഥാനത്തിന് കിട്ടിക്കൊണ്ടിരുന്ന കാലയളവിൽ നമ്മുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി അത് ഉപയോഗിക്കാമായിരുന്നു. പക്ഷേ പുതിയ ജി.എസ്.ടി. വന്നതോടെ ഇതെല്ലാം കേന്ദ്രത്തിന് പോകുകയും നിശ്ചിതമായൊരു വിഹിതം സംസ്ഥാനങ്ങൾക്ക് നൽകണമെന്നുള്ള നിയമം നിലനിൽക്കെയാണ് കേരളത്തിന് അവകാശപ്പെട്ട നികുതി വിഹിതം തരാതെ കേരളത്തെ സാമ്പത്തികമായി വളരെയേറെ പ്രതിസന്ധിയിലാക്കുന്ന സമീപനം കേന്ദ്ര ഗവൺമെന്റെടുക്കുന്നത്. ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്തുകൊണ്ട് അതിനൊപ്പം നിൽക്കേണ്ട പ്രതിപക്ഷം അല്ലെങ്കിൽ കേന്ദ്ര സർക്കാർ നമ്മളോട് കാണിക്കുന്ന അനീതിക്കെതിരെ ഒരുമിച്ച് നിൽക്കേണ്ട പ്രതിപക്ഷം അവരുടെ പക്ഷം ചേർന്നുകൊണ്ട് അവർക്കനുകൂലമായ നിലപാടുകൂടിയെടുക്കുന്ന ഘട്ടമുൾപ്പടെ മൂന്ന് പ്രതിസന്ധികളാണ് നമുക്ക് നേരിടേണ്ടി വരുന്നത്. ഈ പ്രതിസന്ധികളെയെല്ലാം നേരിട്ടുകൊണ്ടാണ് കഴിഞ്ഞ പത്ത് വർഷക്കാലമായി ഈ ഗവൺമെന്റ് ഇവിടെ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങൾ

നടത്തിയിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ധാരാളം കാര്യങ്ങൾ പറഞ്ഞു. അതിദരിദ്രർ ഇല്ലാത്ത കേരളം, ക്ഷേമപെൻഷൻ കുടിശ്ശികയില്ലാത്ത കേരളം, പവർകട്ടും ലോഡ്ഷെഡിങ്ങും ഇല്ലാത്ത കേരളം, അഴിമതിയില്ലാത്ത കേരളം, വർഗീയ ലഹളകളില്ലാത്ത കേരളം, സ്കൂളുകൾ ഹൈടെക്കായ കേരളം, ആരോഗ്യ മേഖലയിൽ പുതുചരിതങ്ങൾ എഴുതിച്ചേർത്ത കേരളം, നിയമന നിരോധനമില്ലാത്ത കേരളം, ട്രഷറി അടച്ചിടാത്ത കേരളം, ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടില്ലാത്തവർക്ക് വീട് നൽകിയ കേരളം, എല്ലാവരെയും ഭൂമിയുടെ അവകാശികളാക്കിയ കേരളം, കൃഷി ഒരു സംസ്കാരമാക്കി മാറ്റാൻ അവസരം നൽകിയ കേരളം, റേഷൻ മുടങ്ങാത്ത കേരളം എന്നിങ്ങനെയുള്ള വിശേഷണങ്ങളാണ് ഇവിടെ നേരത്തെ എം.എൽ.എ. പറഞ്ഞത്. അതിനോട് ചില കാര്യങ്ങൾകൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. കേരളത്തെ എത്രത്തോളമാണ് ഈ സർക്കാർ കൈപിടിച്ച് ഉയർത്തിയിട്ടുള്ളതെന്ന് നമുക്കറിയാം. സംസ്ഥാന സർക്കാർ കേരളത്തിൽ ആകെ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്കൊപ്പം ചേർന്നുനിന്നുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിലും കിഫ്ബിയിലൂടെയും ബജറ്റിലൂടെയും നല്ല രീതിയിൽ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഒരു

ജനപ്രതിനിധിയായി ഈ 10 വർഷക്കാലം ക്ഷേമപ്രവർത്തനങ്ങളും വികസനവും നടത്താൻ എനിക്ക് അവസരം നൽകിയതിന് ഈ സർക്കാരിനോടുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട വിഷയം ഇന്ന് ഉച്ചയ്ക്കുശേഷം അടിയന്തര പ്രമേയമായി ചർച്ച ചെയ്യാനിരിക്കുകയാണ്. കേരളത്തിലെ നിയമസഭാ ചരിത്രത്തിൽ ആദ്യമായാണ് 18 നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപങ്ങൾ ചർച്ച ചെയ്യാനായി ഒരു സർക്കാർ തീരുമാനിക്കുന്നതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ ഇവിടെ പറയുകയുണ്ടായി. പ്രതിപക്ഷത്തിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് നോട്ടീസ് നൽകാനൊരു കാരണം ലഭിക്കാത്ത കാലഘട്ടം കേരള നിയമസഭാ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ഏതെങ്കിലും ഒരു വിഷയം നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപമായി സഭയിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ഒരു സാഹചര്യവും വിഷയവും ഇവിടെയില്ല. ഇന്നലെയും വിഷയമില്ലാത്തതിന്റെ പേരിൽ നിയമസഭയിൽനിന്ന് ഒളിച്ചോടിപ്പോകുന്ന സാഹചര്യം നമ്മളെല്ലാം കണ്ടതാണ്. ഇന്ന് കഷ്ടപ്പെട്ട്

ഒരു വിഷയം കൊണ്ടുവന്നപ്പോൾ ഗവൺമെന്റ് അത് ചർച്ച ചെയ്യാമെന്ന് തീരുമാനിക്കുകയും ചെയ്തു. കേരളത്തിലെ ആരോഗ്യ മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത രംഗത്തുണ്ടായിട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാനാകും. എന്റെ നിയോജകമണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ആശുപത്രി, ഡയാലിസിസ് സെന്റർ ഉൾപ്പെടെയുള്ള മാറ്റങ്ങൾ സംജാതമായിട്ടുണ്ട്. അത്തരത്തിൽ സമാനതകളില്ലാത്ത മാറ്റങ്ങൾ ആരോഗ്യമേഖലയിൽ ഉൾപ്പെടെയുണ്ടായിട്ടുള്ള കാലഘട്ടത്തിലാണ് നമ്മൾ ഇന്നിവിടെ അതിനെക്കുറിച്ച് സംസാരിക്കാൻ പോകുന്നത്. ഈ സർക്കാരിനെപ്പറ്റി സംസാരിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷവും അഭിമാനവുമുണ്ട്. ഏറ്റവും നല്ല രീതിയിലുള്ള ഭരണം കാഴ്ചവച്ച ഈ സർക്കാരിന് തുടർന്നും മുന്നോട്ടുപോകുന്നതിനുള്ള ആശംസകൾ നേർന്നുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു. നന്ദി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

സർക്കാരിന്റെ പത്തുവർഷത്തെ ഭരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഒരു

മെമ്പർ ഇവിടെ പറയുകയുണ്ടായി. അത് കേട്ടപ്പോൾ എനിക്ക് അക്കാര്യത്തിൽ ഒരു കമന്റ് പറയാനുള്ളത്, അത് ഞങ്ങൾ ഭരിച്ച അഞ്ചുകൊല്ലത്തിന്റെ പകുതിപോലും വരില്ലെന്നാണ്. നിങ്ങൾ ഇവിടെ പറഞ്ഞതൊക്കെ ചെയ്യാൻ അഞ്ചുകൊല്ലംതന്നെ ധാരാളമാണ്. 'റബ്ബറൈസ്ഡ് റോഡ്' എന്ന ആശയവും ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തുണ്ടായ റബ്ബറൈസ്ഡ് റോഡ് റെവല്യൂഷനെക്കുറിച്ചൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. പത്തുവർഷക്കാലത്തെ ഭരണം ലഭിച്ചിട്ടും നിങ്ങൾ ആ രംഗത്തുണ്ടാക്കിയ പുരോഗതിയെക്കുറിച്ച് സാമാന്യ ജനങ്ങൾക്കെല്ലാവർക്കുമറിയാവുന്നതാണ്. പല വികസന പ്രവർത്തനങ്ങളും ചെയ്തുവെന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിലും നാട്ടിലെ ജനങ്ങൾക്ക് അവയെക്കുറിച്ചൊന്നും അറിയില്ല. ഓരോ രംഗവും തകർന്നുകിടക്കുകയാണ്. ഗവൺമെന്റിന്റെ കൈവശം നയാപൈസയില്ല, പിന്നെ അവർക്ക് എന്താണ് ചെയ്യാൻ കഴിയുക, അതേക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ലെന്നാണ് സാധാരണക്കാർക്കിടയിലെ സംസാരം. ഒന്നിനും പണമില്ല, ആ ആത്മവിശ്വാസക്കുറവ് ഭരണകക്ഷി ബഞ്ചുകളിലൊക്കെ പ്രകടമാണ്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയമാണ് ഇന്ന് സഭാനടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി കൊണ്ടുവന്നിട്ടുള്ളത്. വളരെക്കാലമായി, എല്ലാ രംഗങ്ങളിലും തനതായ ഒരു ശക്തി ഇന്ത്യാ രാജ്യത്തുണ്ട്. ആരോഗ്യ രംഗത്ത് നല്ല ശൃംഖല, സർക്കാർ ആശുപത്രികൾ, വിദഗ്ധ ഡോക്ടർമാർ; ലോക പ്രസിദ്ധരായ മലയാളി ഡോക്ടർമാർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. കേരളത്തിന്റെ ആരോഗ്യ രംഗം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം മുൻപന്തിയിൽ നിന്നതുകൊണ്ടാണ് കേരളത്തിൽ ആയുർദൈർഘ്യവും ആളോഹരി ചികിത്സാ ലഭ്യതയും ടൈമും വർധിച്ചത്. എല്ലാ കാലത്തുമുണ്ടായിരുന്ന ഒരു അളവുകോലാണത്. അതനുസരിച്ച് നമ്മൾ ലോകത്തിനുമുമ്പിൽ കേരളത്തെ പ്രൊമോട്ട് ചെയ്തിട്ടുമുണ്ട്. കാരണം കേരളത്തിൽ നല്ല ചികിത്സ ലഭിക്കുന്നുവെന്ന വാർത്ത സ്വാതന്ത്ര്യത്തിനുശേഷം വളരെക്കാലമായി നിലനിന്നിരുന്നതാണ്. ഇന്നത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ആധാരമായ വിഷയവും അതുതന്നെയാണ്. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ സമരത്തിലല്ലേ; ഡോക്ടർമാരുടെ നിയമനങ്ങൾ നടക്കുന്നുണ്ടോ; ആവശ്യത്തിന് ഡോക്ടർമാരുണ്ടോ; ഒരു രോഗി പ്രാഥമികാരോഗ്യ

കേന്ദ്രത്തിലേയ്ക്ക് ഓടിച്ചെന്നാലുണ്ടാകാവുന്ന അവസ്ഥയെക്കുറിച്ചാണ് സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഇന്നിവിടെ ചർച്ച ചെയ്യാൻ പോകുന്നത്. വലിയ ചൂഷണമാണ് ആ രംഗത്ത് വന്നിരിക്കുന്നത്. പത്ത് വർഷ ഭരണത്തിന്റെ ബാലൻസ് ഷീറ്റ് അതാണ്.

റോഡുകളെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇൻവെസ്റ്റ്മെന്റ് പ്രൊമോഷനുവേണ്ടി ദാവോസിൽ പോയി, അവിടെപ്പോയി, ഇവിടെപ്പോയി എന്നൊക്കെയാണ് പത്ത് വർഷം കഴിഞ്ഞിട്ടും വ്യവസായ വകുപ്പുമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നത്തെ ചോദ്യോത്തരവേളയ്ക്കിടയിൽ കേരളത്തിൽ വന്ന ഒരു മെഗാ പ്രോജക്ട് കാണിച്ചുതരാമോ എന്ന് ഞാൻ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിച്ചു. അഞ്ച് വർഷം ഭരിച്ച ഉമ്മൻചാണ്ടി സർക്കാരിന്റെ പ്രതിനിധികളോട് ഇത് ചോദിച്ചാൽ അവർക്ക് ഉടൻ മെട്രോയും എറണാകുളം ജില്ലയിലെ കാക്കനാട്ടുമൊക്കെ കാണിക്കാനാകുമായിരുന്നു. ഒരു ഐ.ടി. മന്ത്രിയെന്ന നിലയ്ക്ക് കാക്കനാടിലേക്ക് ഞാൻ ആദ്യ വിസിറ്റ് നടത്തിയപ്പോൾ ആ സ്ഥലം കുറുക്കൻ മേഞ്ഞുനടക്കുന്ന ഒരു സ്ഥലമായിരുന്നു. കൊച്ചിയിലെ കാക്കനാട്, അതായത് ആദ്യത്തെ കിൻഫ്ര ഇന്ന് യു.ഡി.എഫ്. ഭരണ നേട്ടത്തിന്റെ

തിലകക്കുറിയാണെന്ന് പറയാം. ഇവിടെ ഫ്ലോട്ടിങ് പോപ്പുലേഷൻ വരും, വമ്പിച്ച തോതിൽ ആളുകൾ വന്നുപോകും, എംപ്ലോയ്മെന്റിന്റെ കാര്യത്തിൽ കൊച്ചി കേരളത്തിന്റെ വ്യവസായ ക്യാപ്പിറ്റലായി മാറുമെന്നൊക്കെ ഞങ്ങൾ അന്നേ പറഞ്ഞതാണ്. ഇന്ന് കാക്കനാട് സന്ദർശിക്കുന്ന ആർക്കും ഇത് ആ പഴയ സ്ഥലമാണെന്ന് തോന്നുകയേ ഇല്ല. അതുപോലെയുള്ള ധാരാളം കാര്യങ്ങൾ നമുക്ക് ഇനിയും ചൂണ്ടിക്കാണിക്കാനുണ്ട്. വിഴിഞ്ഞം പോർട്ടിന്റെ മീറ്റിങ്ങിൽപ്പോലും അദാനി പ്രതിനിധിക്ക് അതിന്റെ പിതാവ് ഉമ്മൻ ചാണ്ടി തന്നെയാണ്, യാതൊരു സംശയവുമില്ലെന്ന് പറയേണ്ടി വന്നു. 10 വർഷം ലഭിച്ചിട്ടും ഞങ്ങൾ ചെയ്തതുപോലെയുള്ള എന്തെങ്കിലുമൊരു നല്ല പദ്ധതി നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോ എന്ന് ഞാൻ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിച്ചു? ഇതേ ചോദ്യം ഞങ്ങളോട് ചോദിച്ചാൽ കൊച്ചി എയർപോർട്ടും മെട്രോയുമൊക്കെ ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാനാകും. കണ്ണൂർ വിമാനത്താവളത്തിന്റെ പണി തുടങ്ങിയത് നിങ്ങളാണെങ്കിലും അവസാനിപ്പിച്ചത് ഞങ്ങളാണ്. ടെക്നോപാർക്കിന്റെ പണി തുടങ്ങി മുൻ പ്രധാനമന്ത്രി നരസിംഹറാവുവിനെക്കൊണ്ടുവന്ന് ഉദ്ഘാടനം ചെയ്യിപ്പിച്ചത് ഞങ്ങളാണ്. 10 കൊല്ലം കൊണ്ട് ആകെ നിങ്ങൾക്ക് പറയാനുണ്ടായിരുന്നത്

ദേശീയപാത മാത്രമാണ്. അത് പൊളിഞ്ഞ് വീണതോടുകൂടി അതും നിങ്ങളുടേതല്ലാതായി. അങ്ങനെ നോക്കുകയാണെങ്കിൽ ഈ പത്ത് വർഷക്കാലത്തിനിടയിൽ ഇവിടെ കാര്യമായി ഒന്നും ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഹയർ എഡ്യൂക്കേഷനിൽ ആകെ പ്രക്ഷോഭവും സമരവും ബഹളവുമാണ്. വൈസ് ചാൻസലർമാർ ഇല്ലാത്തതുകാരണം സർട്ടിഫിക്കറ്റുകളിൽ ഒപ്പിടാൻ ആളില്ലാതെ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കാത്ത അവസ്ഥയാണ് സംജാതമായത്. എല്ലാ ബുദ്ധിമുട്ടുകളും ഉണ്ടാക്കിക്കഴിഞ്ഞ് ഒരു ദിവസം രാവിലെ അവർ കോംപ്രോമൈസ് ആകുകയും പ്രശ്നം തീരുകയും ചെയ്തു. ഹയർ എഡ്യൂക്കേഷനെ ഇത്രയധികം തകർത്തുതരിപ്പണമാക്കിയ ആ സമരങ്ങൾ പിന്നെ എന്തിന് വേണ്ടിയായിരുന്നു; അതിന്റെ ബാക്കി പത്രം എന്താണ്? നിങ്ങൾക്ക് ഇതൊക്കെ ചെറിയ കാര്യമായി തോന്നുകയാണ്. ഭരണത്തിലിരിക്കുമ്പോൾ കാര്യങ്ങൾ നിസ്സാരമായി കണ്ടതിന്റെ ഫലമായിട്ട് എത്ര കുട്ടികളാണ് കേരളത്തിൽ പഠിച്ചാൽ ശരിയാകില്ലെന്ന് പറഞ്ഞ് ഇവിടെനിന്നും മറ്റ്

സ്ഥലങ്ങളിലേയ്ക്ക് പോയത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വിദ്യാർത്ഥികൾ പുറത്തേയ്ക്ക് ഒഴുകിയതിന് വല്ല കണക്കുമുണ്ടോ? സംസ്ഥാനത്തെ ഹയർ എഡ്യൂക്കേഷന്റെ നിലവാരം എത്രമാത്രം കുറഞ്ഞു. ഞങ്ങൾ വിഭാവനം ചെയ്തത് ഇങ്ങനെയൊന്നുമായിരുന്നില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയോടനുബന്ധിച്ചുള്ള ഫുഡ് പാർക്ക് നിർമ്മിച്ചത് ഞങ്ങളാണ്. അത് മറ്റൊരു രീതിയിൽ നിർമ്മിക്കാനാണ് പ്ലാൻ ചെയ്തത്. അതുപോലെ തിരുവനന്തപുരത്തെ ടെക്നോപാർക്ക്, അതും മറ്റൊരു രീതിയിലാണ് പ്ലാൻ ചെയ്തത്. യൂണിവേഴ്സിറ്റികളിൽനിന്ന് നല്ല എഡ്യൂക്കേഷനും റിസർച്ചും സ്റ്റാൻഡേർഡുമൊക്കെ വരണമെന്ന നിലയിലായിരുന്നു പ്ലാനിങ്. സ്റ്റാർട്ട് അപ്പ് പോളിസി കൊണ്ടുവന്നതും ഞങ്ങളാണ്. ഞങ്ങളുടെ 'എമർജിങ് കേരള' കണ്ടിട്ടാണ് ഗുജറാത്തിൽ, 'വൈബ്രന്റ് ഗുജറാത്ത്' എന്ന പദ്ധതി, ആദ്യ ഗ്ലോബൽ മീറ്റ് അവർ നടത്തിയത്. അതിലാണ് ഞങ്ങൾ സ്റ്റാർട്ട് അപ്പ് എന്ന ഐഡിയ കൊണ്ടുവന്നത്. ഏതാനും വർഷങ്ങൾക്കുശേഷം കുറെ സ്റ്റാർട്ട് അപ്പുകൾ അധികമായി വന്നതോടെ അവയിൽ ചിലത് വിജയിച്ച് വലുതായി അതിനെപ്പറ്റിയാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്.

സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം തകർന്നുതരിപ്പണമായതിന്റെ

ഫലമായാണ് കുട്ടികൾ മുഴുവനും പുറത്തേയ്ക്ക് ഒഴുകിപൊയ്ക്കൊണ്ടിരിക്കുന്നത്. അവരെ തിരികെ കൊണ്ടുവരണ്ടേ; അവർ ഇവിടെ പഠിക്കണ്ടേ; അവർ നമ്മുടെ ബ്രെയിൻ അല്ലേ; ഇങ്ങനെ പുറത്തേയ്ക്കുപോയാൽ ശരിയാകുമോ? ഇവിടെ എംപ്ലോയ്മെന്റ് ജനറേഷൻ ഉണ്ടാകുന്നില്ല. കഴിഞ്ഞ 10 വർഷത്തെ ഭരണത്തിനുശേഷമുള്ള നിങ്ങളുടെ ഫിനാൻഷ്യൽ മാനേജ്മെന്റിൽ വേണ്ടത്ര കാശില്ലെന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ ബജറ്റിൽ നൽകുന്ന എല്ലാ വാഗ്ദാനങ്ങൾക്കും വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ ഒരു മാനിഫെസ്റ്റോയുടെ വില മാത്രമേ കാണുകയുള്ളൂവെന്ന് ഞാൻ ഉറപ്പിച്ച് പറയാം. നിങ്ങളെന്ത് പറഞ്ഞാലും തിരഞ്ഞെടുപ്പ് വരികയല്ലേ? ആളുകൾ വിശ്വസിക്കാൻ പോകുന്നില്ല. അങ്ങനെയൊരു വാഗ്ദാനം ഞങ്ങൾക്കും പറയാൻ സാധിക്കും. നിങ്ങൾ 2500 രൂപ വർധിപ്പിച്ചുവെന്ന് പറയുമ്പോൾ വേണമെങ്കിൽ ഞങ്ങൾക്കത് 3000 രൂപയാക്കി പറയാം. കാരണം ഒരു മാനിഫെസ്റ്റോയുടെ വിലയേ ബജറ്റിനുണ്ടാകുകയുള്ളൂ. നിങ്ങൾക്കിനി സമയമില്ലെന്ന കാര്യം എല്ലാവർക്കുമറിയാമല്ലോ? നിങ്ങൾക്ക് ഇവിടെ മികച്ച പെർഫോമൻസും ഇല്ല. പെർഫോമൻസ് ഇല്ലെങ്കിൽ ഇല്ലെന്നുപറഞ്ഞ് മിണ്ടാതിരിക്കാം. പക്ഷേ

ഇവിടെ വലിയൊരു അപകടം സംഭവിക്കുകയാണ്. നിങ്ങളുടെ ആത്മവിശ്വാസക്കുറവ് ഇതുവരെ നിങ്ങൾ ചെയ്യാത്ത പല പണികളും രാഷ്ട്രീയരംഗത്ത് നിങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കുകയാണ്. ബി.ജെ.പി. ഇന്ത്യാ രാജ്യത്ത് ചെയ്തുകൊടുക്കുന്ന പണിയാണ് സംസ്ഥാനത്ത് ഇടതുപക്ഷം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. അവരുടെ ഭാഷയിൽ, ചില പ്രത്യേക ജനവിഭാഗങ്ങളെ ടാർഗറ്റ് ചെയ്ത് വർഗീയതയും വിഭാഗീയതയും ഭൂരിപക്ഷവർഗീയതയെയും പ്രോത്സാഹിപ്പിക്കുന്ന ഒരു നയം കാലാകാലങ്ങളായി നിങ്ങളിൽ ഇന്ന് കാണാത്ത ഒരു നയം, നിങ്ങളുടെ ആത്മവിശ്വാസക്കുറവ്, അത് നിങ്ങളെ പടുകുഴിയിലേയ്ക്ക് ചാടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് ഈ അടുത്ത കാലത്ത് കണ്ടത്. വളരെ തീവ്രസമീപനമെടുക്കുന്ന ചില ന്യൂനപക്ഷ വർഗീയ ഗ്രൂപ്പുകളെ നിങ്ങൾ അതത് കാലത്ത് പ്രോത്സാഹിപ്പിച്ചതിനെ ഞങ്ങൾ ശക്തിയായി എതിർത്ത് തോൽപ്പിച്ചിട്ടുണ്ട്. അങ്ങനെ ചെറിയ പാർട്ടികൾ തീവ്രതയും പറഞ്ഞ് വന്നപ്പോൾ എന്റെ പാർട്ടി അതിനെ ശക്തിയായി എതിർക്കുകയും തോൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ ഒരു പ്രസംഗത്തിൽ 'തീവ്രത എടുത്തുവരുന്ന ആ ഖബറിടത്തിൽ എത്രയെത്ര

തീവ്രവാദി പാർട്ടികളുടെ അസ്ഥിപഞ്ജരങ്ങളുണ്ടോ, അതിന്റെ മുഴുവൻ ഉത്തരവാദികളും ഞങ്ങളാണ് ' എന്ന് പറയുന്നുണ്ട്. അവർ എല്ലാത്തിനെയും മുളയിലേ തന്നെ നുള്ളിക്കളയും. ഒരിക്കലും ഈ രീതിയിലുള്ള ഒരു ഭൂരിപക്ഷ വർഗീയ വിഭജനം ഉണ്ടാക്കുന്ന പോളിസി നിങ്ങൾ എടുത്തിരുന്നില്ല. നിർഭാഗ്യകരമെന്ന് പറയട്ടെ; വോട്ട് പോകുന്നുവെന്ന് കണ്ടപ്പോൾ അതുകൊണ്ട് ഗുണമുണ്ടാകുമെന്ന് തെറ്റിദ്ധരിച്ച് നിങ്ങൾ നടത്തുന്ന ഓരോ പ്രവൃത്തിയും ഗുണം ചെയ്തുകൊണ്ടിരിക്കുന്നത് ബി.ജെ.പി.-ക്കാണ്. ഭാവിയിൽ നിങ്ങൾ ഇല്ലാതാകുകയാണ് ചെയ്യുന്നതെന്നുള്ളത് നിങ്ങൾ മനസ്സിലാക്കുന്നില്ല. അതുകൊണ്ടുതന്നെ നിങ്ങളുടെ ആത്മവിശ്വാസക്കുറവ് ഈ സംസ്ഥാനത്തിന് വളരെയധികം കോസ്റ്റ്ലിയായിട്ട് വരുന്നുണ്ട്. അത് ഇവിടെ സാമുദായിക വിഭജനമുണ്ടാക്കുമെന്ന മുന്നറിയിപ്പ് നൽകാൻ ഞാനീ സന്ദർഭം ഉപയോഗിക്കുകയാണ്. ഞാൻ ഈ നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തെ എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണയ്ക്കുകയാണ്. മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല പ്രസംഗം തുടങ്ങിയത് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപ

പ്രസംഗത്തിൽ ഗവർണ്ണർ വിട്ടുകളഞ്ഞ കാര്യങ്ങൾ മുഖ്യമന്ത്രി വീണ്ടും ഈ സഭയിൽ അവതരിപ്പിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടും പരിഹസിച്ചുകൊണ്ടുമാണ്. എനിക്ക് അദ്ദേഹത്തോട് വിനയപൂർവം ചോദിക്കാനുള്ളത്, ഗവർണ്ണർ വിട്ടുകളഞ്ഞ കാര്യങ്ങൾ വിട്ടുകളയണമെന്ന് തന്നെയായിരുന്നോ അദ്ദേഹത്തിന്റെ അഭിപ്രായമെന്നാണ്. കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനയ്ക്കെതിരായും ഫിസ്കൽ ഫെഡറലിസത്തിന്റെ തത്വങ്ങൾ കേന്ദ്ര സർക്കാർ ലംഘിക്കുന്നതിനെതിരായുമുള്ള പരാമർശങ്ങളാണ് ഗവർണ്ണർ വിട്ടുകളഞ്ഞത്. ആ വിട്ടുകളഞ്ഞത് മുഖ്യമന്ത്രി വീണ്ടും അവതരിപ്പിച്ചത് ശരിയായില്ലെന്ന് പറയുമ്പോൾ പ്രതിപക്ഷത്തിന്റെയും കോൺഗ്രസിന്റെയും നയമെന്താണെന്ന് ആ വാക്കുകളിൽ ഒളിഞ്ഞിരിപ്പുണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, അവരെപ്പോഴും ബി.ജെ.പി.-യെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഒരു അന്തർധാരയിലാണല്ലോ പോകുന്നത്?

ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ തൃശ്ശൂർ ജില്ലയിലെ മറ്റന്നൂർ ഒരു പഞ്ചായത്ത് മുഴുവനായും ബി.ജെ.പി.-ക്ക് താലത്തിൽ വച്ച് സമ്മാനിച്ച ആളുകളല്ലേ അവർ? എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാർ

തെക്കേക്കര പഞ്ചായത്തിൽ ബി.ജെ.പി. കഷ്ടിച്ച് അധികാരത്തിൽ വന്നു. അവിടെ മുൻഭരണ സമിതിയിൽ കോൺഗ്രസിന് 6 അംഗങ്ങളുണ്ടായിരുന്നെങ്കിൽ ഇത്തവണ കോൺഗ്രസ്-2, ബി.ജെ.പി.-8 എന്നിങ്ങനെയാണ്. ബി.ജെ.പി.-ക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ മൂന്നിരട്ടി സീറ്റ് വർധിച്ചു. ഞങ്ങൾക്ക് അന്നും ഇന്നും 5 സീറ്റാണ്. സ്വാഭാവികമായും ആരാണ് ബി.ജെ.പി.-യെ വളർത്താൻ സഹായകരമായ നിലപാട് സ്വീകരിക്കുന്നതെന്ന് കോൺഗ്രസ് ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമാണ് എനിക്ക് അതിനെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്.

ഈ ഗവൺമെന്റിന്റെ നയങ്ങൾക്കും നടപടികൾക്കുമുള്ള പ്രഖ്യാപനത്തിന്റെ ഒരു വലിയ പിന്തുണയാണ് നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപം. ഏറ്റവും കൂടുതൽ വികസനം നടന്ന കഴിഞ്ഞ 10 വർഷക്കാലത്തെപ്പറ്റി ഇവിടെ വിശദീകരിച്ചു. ഞാൻ സമയപരിമിതിമൂലം അതിലേയ്ക്ക് കടക്കുന്നില്ല. ഒട്ടേറെ കാര്യങ്ങളിൽ ഇന്ത്യയിൽ കേരളം ഒന്നാമതെത്തിയില്ലേ; അതിദരിദ്രരില്ലാത്ത ഒരു സംസ്ഥാനമായി ഇന്ത്യയിലെ ഒരു സംസ്ഥാനം മാറിയെങ്കിൽ ആ സംസ്ഥാനം സഖാവ് പിണറായി വിജയൻ ഭരിക്കുന്ന കേരളമല്ലേ? രാജ്യം,

ലോകത്ത് 102-ാമത് ദാരിദ്ര്യ സൂചികയിൽ നിൽക്കുന്ന ഘട്ടത്തിലാണ് കേരളം അതിദരിദ്രരില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് വന്നത്.

കേന്ദ്ര അവഗണനയ്ക്കെതിരെ ഞങ്ങൾ സമരം നടത്തിയില്ലെന്നാണ് പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്ന അംഗങ്ങൾ പറഞ്ഞത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ആദ്യമായി കേന്ദ്ര അവഗണയ്ക്കെതിരെ കേസ് നൽകിയ സംസ്ഥാനം കേരളമല്ലേ? മുഖ്യമന്ത്രിയുടെ നേതൃത്വത്തിലല്ലേ ഞങ്ങളെല്ലാം  ജന്തർ മന്തറിൽ പോയി സമരം നടത്തിയത്. രാജ്ഭവനിൽ സമരം നടത്തിയതിന്  വഞ്ചിയൂർ കോടതിയിലെ ക്രൈം നമ്പർ 1750/2024 പ്രകാരം ഞാനുൾപ്പെടെ പ്രതികളാണ്. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളോടും ബി.ജെ.പി.-യുടെ വർഗീയ നയങ്ങളോടും സന്ധിയില്ലാത്ത പോരാട്ടവുമായി ഇടതുപക്ഷം മുന്നോട്ടുപോകുന്നതോടൊപ്പം പ്രളയത്തെയും കോവിഡിനെയും കേന്ദ്ര അവഗണനയെയും എല്ലാം അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തെ വികസന ക്ഷേമരംഗങ്ങളിൽ അത്യുജ്ജ്വലമായി മുന്നോട്ടുനയിച്ചു കൊണ്ടിരിക്കുന്നത്. ഈ നയപ്രഖ്യാപന പ്രസംഗത്തിലെ എരുമേലിയിലെ ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ട് 2030-ഓടെ യാഥാർത്ഥ്യമാക്കുമെന്ന പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

അതിനോടനുബന്ധിച്ച് വന്നിട്ടുള്ള കോടതി വിധികളെ അതിജീവിച്ച് ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിന്റെ നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. അതുപോലെ പട്ടയപ്രശ്നങ്ങളടക്കമുള്ള പ്രശ്നങ്ങളും വന്യജീവി സംരക്ഷണ നിയമത്തിൽ നാടിന്റെ ആവശ്യത്തിനനുസരിച്ചുള്ള ഭേദഗതിയും ഈ നിയമസഭ പാസാക്കിയിട്ടുണ്ട്. ആ നിയമത്തിന് കേന്ദ്ര അംഗീകാരം നേടാനുള്ള ശ്രമങ്ങൾ അതിവേഗത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാനെന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ നന്ദി രേഖപ്പെടുത്തുന്നതിനുള്ള ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് പത്ത് വർഷം പിന്നിടുമ്പോഴും വന്യജീവി ആക്രമണങ്ങൾ കേരളത്തിൽ നിർബാധം തുടരുകയാണ്. എത്രപേരാണ് ഒരോ ദിവസവും വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നത്. ഇന്നുവരെ അതിനെതിരെ സത്വരമായ നടപടിയോ ശാശ്വതപരിഹാരമോ കൊണ്ടുവരാൻ ഭരണപക്ഷത്തിന്

കഴിഞ്ഞിട്ടില്ല. 500-ൽപ്പരം മനുഷ്യരാണ് വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടിട്ടുള്ളത്. ഏകദേശം 6452 പേർക്ക് ഗുരുതരമായി പരിക്കേറ്റ സാഹചര്യവുമുണ്ട്. ഒരു ഭാഗത്ത് കൃഷിനാശവും മറ്റൊരു ഭാഗത്ത് വളർത്തുമൃഗങ്ങൾക്കും നാശമുണ്ടാകുന്നു. സംസ്ഥാനത്തെ വനമേഖല കേന്ദ്രീകരിച്ചുള്ള ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ ഇപ്പോഴും ഭീതിയോടെയാണ് ജീവിക്കുന്നത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ തുടരുമ്പോൾ സർക്കാർ പൂർണ്ണമായും നിസ്സംഗമനോഭാവമാണ് അക്കാര്യത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൊല്ലപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം ഈ പാവപ്പെട്ട കുടുംബങ്ങളെ സംബന്ധിച്ചുണ്ട്. ഓരോ കുടുംബത്തിനുമുണ്ടാകുന്ന നഷ്ടം നഷ്ടപരിഹാരം കൊണ്ട് നികത്താൻ കഴിയുന്നതല്ലെങ്കിലും അതുപോലും കൃത്യമായി നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ വന്യജീവി ആക്രമണങ്ങൾക്കെതിരെ ശാശ്വത പരിഹാരം കണ്ടെത്താൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർഥ്യം. 2024-ൽ 2368 ബാലപീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ തുടർനടപടികൾ വളരെയധികം സാവധാനത്തിലാണ്

നടക്കുന്നത്. കോടതിയിൽ ഇത്തരം കേസുകൾ എത്തുന്നതിനും വിചാരണ നടത്തുന്നതിനുമുള്ള കാലതാമസം, കുട്ടികൾക്കുണ്ടാകുന്ന മാനസിക പീഡനങ്ങൾ, കുട്ടികളുടെ പുനരധിവാസംപോലും കൃത്യസമയത്ത് നടക്കാത്ത സാഹചര്യം ഇവയൊക്കെ ഇന്നുമുണ്ടാകുന്നുണ്ട്. സാമൂഹ്യ സുരക്ഷിതമായ കേരളമാണെന്ന് നിങ്ങൾ കൊട്ടിഘോഷിക്കുമ്പോഴും ഇത്തരത്തിലുള്ള യാഥാർത്ഥ്യങ്ങൾ നമ്മുടെ മുന്നിൽ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരളം ഒറ്റ നഗരമായി മാറുകയാണെന്ന് ഇന്നലെ പ്രതിപാദിക്കുകയുണ്ടായി. കേരളത്തിലെ തെരുവുനായ ആക്രമണത്തിന്റെ ഭീകരമായ ഒരു ചിത്രം ഇന്ന് നമ്മുടെ മുന്നിലുണ്ട്. 2024-ൽ 3.17 ലക്ഷമായി തെരുവുനായ ആക്രമണം വർധിച്ചിരിക്കുകയാണ്. കേരളത്തിൽ പേവിഷബാധയേറ്റ് 17 മനുഷ്യർ മരണപ്പെട്ടതിൽനിന്നും ആന്റി റാബിസ് വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകൾ കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നതല്ലേ മനസ്സിലാകുന്നത്? ആശുപത്രികളുടെ ദുരവസ്ഥയെ സംബന്ധിച്ചതാണ് ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം. ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ല. സി.എച്ച്.സി., എഫ്.എച്ച്.സി. എന്നിവ ഇപ്പോഴും വെൽ

എക്വിപ്ഡല്ല. ഇവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നേഴ്സമാരുടെയും അഭാവമുണ്ട്. ഇതെല്ലാം നിരന്തരമായി സഭയിൽ ഉന്നയിക്കുന്ന കാര്യങ്ങളാണെങ്കിലും ഗവൺമെന്റിന് ഇത്തരം കാര്യങ്ങളിൽ ഇതുവരെയും ഉത്തമമായ പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ ഗുരുതരമായ പ്രതിസന്ധി നിലനിൽക്കുകയാണ്. കേരളത്തിൽ എ.ബി.സി. (ആനിമൽ ബർത്ത് കൺട്രോൾ) സംവിധാനം വിജയപ്രദമായി നടപ്പാക്കാൻ സാധിക്കാത്തതിന്റെ ഫലമായി തെരുവുനായ ആക്രമണം ഒരു ദുരന്തമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ പലപ്പോഴും നിസ്സഹായാവസ്ഥയിൽ നിലകൊള്ളുകയാണ്. കഴിഞ്ഞ പത്തുവർഷത്തെ വികസന നേട്ടങ്ങളെക്കുറിച്ച് ഗവൺമെന്റ് കൊട്ടിഘോഷിക്കുമ്പോൾ വികസന പരാജയത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ കുറച്ച് കാര്യങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. 2025-ൽ ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് ഈ നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. 2026-ൽ എത്തിയിട്ടും പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ ഒരു ഭാഗത്തും വെള്ളം ലഭിക്കാത്ത സാഹചര്യം മറുഭാഗത്തും നിൽക്കുന്നു.

കേരളം വളരെ പ്രതീക്ഷയോടെ കണ്ട ഈ പദ്ധതിയുടെ പ്രവർത്തനം സ്റ്റേറ്റ് വിഹിതം കൃത്യസമയത്ത് ലഭിക്കാത്തതുകൊണ്ടും ധാരാളം കുടിശ്ശിക വരുത്തിവച്ചതുകൊണ്ടുമൊക്കെ മന്ദീഭവിക്കാൻ കാരണമായി. 2026-ൽ ഈ സർക്കാരിന്റെ അവസാന കാലഘട്ടത്തിലേയ്ക്ക് കടക്കുമ്പോഴും കുടിവെള്ളം ലഭിക്കാത്ത സാഹചര്യം  നിലനിൽക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി, വെള്ളം, ഭൂനികുതി, കെട്ടിടം, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയുടെ നിരക്ക് വർധിപ്പിക്കുകയും പെട്രോളിയം ഉൽപന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുകയും ചെയ്ത് ജനങ്ങളെ എങ്ങനെ പിഴിയാമെന്നുള്ളതാണ് ഈ സർക്കാരിന്റെ  കഴിഞ്ഞ പത്ത് വർഷത്തെ ഭരണനേട്ടമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഞാൻ നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണയ്ക്കുകയാണ്. കേരളം കഴിഞ്ഞ പത്തുവർഷമായി നടത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യപരമായ മുന്നേറ്റം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. നവകേരള സൃഷ്ടിക്കായി സർക്കാർ നടപ്പാക്കിയ പല വികസനക്ഷേമ പദ്ധതികളും ഇന്ത്യയിൽത്തന്നെ ശ്രദ്ധ പിടിച്ച

പറ്റുന്നവയാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകളിൽ കേരളം നടത്തിയ ഇടപെടലുകളുടെ ഭാഗമായാണ് അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ സാധിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞ വാഗ്ദാനങ്ങൾ കൃത്യമായി നടപ്പാക്കിയ കാര്യങ്ങൾ പ്രോഗ്രസ് റിപ്പോർട്ടുവഴി സർക്കാർ ജനങ്ങളെ അറിയിക്കുന്നതായിരിക്കും. ജനാധിപത്യത്തിൽ 'ജനങ്ങളാണ് അധികാരികൾ' എന്ന ഇടതുപക്ഷ നയം ഊട്ടി ഉറപ്പിക്കുന്ന നടപടികളാണ് എവിടെയും കാണാൻ സാധിക്കുന്നത്. കേന്ദ്രസർക്കാർ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി സംസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുമ്പോഴും സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 28 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി അധികാര വികേന്ദ്രീകരണത്തിന് ഉത്തമ മാതൃകയായി മാറുകയാണ് സംസ്ഥാന സർക്കാർ. ഇന്ത്യയിലെ മറ്റ് ഏതൊരു സംസ്ഥാനത്തോടും കാണിക്കാത്ത സാമ്പത്തിക വിവേചനമാണ് കേന്ദ്രം കേരളത്തോട് കാണിക്കുന്നത്. 'സമരം ചെയ്യേണ്ടത് ഇവിടെയല്ല ഡൽഹിയിലാണ്' എന്നാണ് ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ചൂണ്ടിക്കാണിച്ചത്. ഞങ്ങൾ ഡൽഹിയിൽ

സമരം നടത്തിയപ്പോൾ പ്രതിപക്ഷത്തിലെ ഒരംഗംപോലും ആ സമരത്തിൽ പങ്കെടുത്തില്ല. കേരളത്തോട് കാണിക്കുന്ന ഏറ്റവും വലിയ വിവേചനം നിങ്ങളാണ്. പതിനെട്ട് എം.പി.-മാർ ഉണ്ടായിരുന്നിട്ടും ഒരാൾ പോലും ഈ സമരത്തിൽ പങ്കെടുത്തില്ല. ഇത് ഒരിക്കലും അംഗീകരിക്കാൻ സാധിക്കാത്തതാണ്. ജനുവരി മാസം മുതൽ മാർച്ച് മാസം വരെ പന്ത്രണ്ടായിരം കോടി രൂപ ലഭിക്കേണ്ടിടത്ത് ആറായിരം കോടി രൂപ വെട്ടിക്കുറച്ചു. കേന്ദ്ര പദ്ധതികളിൽ അയ്യായിരത്തി അറുന്നൂറ്റി എൺപത് കോടി രൂപയാണ് വെട്ടിക്കുറച്ചിരിക്കുന്നത്. ജി.എസ്.ടി. പരിഷ്കരണം മുഖേന എണ്ണായിരം കോടി രൂപയുടെ വരുമാന നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടായിരിക്കുന്നത്. ഏതാണ്ട് ഒരു വർഷം എല്ലാം കൂടി ഇരുപതിനായിരം കോടി രൂപയുടെ സഹായമാണ് കേന്ദ്രം നിഷേധിച്ചിരിക്കുന്നത്. വയനാട് ദുരന്തത്തോട് കേന്ദ്രം മുഖംതിരിച്ച് നിൽക്കുകയാണ്. കേന്ദ്ര സാമ്പത്തിക നയത്തിനെതിരെ സംസ്ഥാനം ശക്തമായ പ്രതിരോധം തീർക്കുകയും നിയമപരമായി ചോദ്യം ചെയ്യുന്ന സ്ഥിതിപോലുമുണ്ടായി. സംസ്ഥാനത്തെ ദ്രോഹിക്കുന്ന കേന്ദ്ര നയത്തിനെതിരെ യു.ഡി.എഫ്. ഒരക്ഷരം പോലും മിണ്ടാതെ കേന്ദ്ര സർക്കാരിന് ചൂട്ടുപിടിക്കുന്ന സമീപനമാണ്

സ്വീകരിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി അട്ടിമറിക്കാൻ കേന്ദ്രം തയ്യാറായി. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഫെഡറൽ തത്വങ്ങൾ ലംഘിച്ചുകൊണ്ട് കേന്ദ്രം ഇടപെടുകയാണ്. പാർലമെന്റിലും ഇത്തരം വിഷയങ്ങളിൽ യു.ഡി.എഫ്. എം.പി.-മാർ മൗനം പാലിക്കുകയാണ്. ബി.ജെ.പി.-യെ സഹായിക്കുന്ന നയമാണ് കേരളത്തിലെ യു.ഡി.എഫ്. സ്വീകരിച്ചു വരുന്നത്. സംസ്ഥാനത്തിന്റെ എല്ലാ വികസന പദ്ധതികളെയും യു.ഡി.എഫ്. കണ്ണടച്ച് എതിർക്കുകയാണ്. ഇടതുപക്ഷ സർക്കാരിനെതിരെ യു.ഡി.എഫ്. പെരുംനുണകൾ പ്രചരിപ്പിക്കുകയാണ്. എസ്.ഐ.ആർ. (സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ) പോലും സംസ്ഥാന സർക്കാർ നടപടിയാണെന്ന തരത്തിലാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് സമയത്ത് യു.ഡി.എഫ്. പ്രചരിപ്പിച്ചത്. ശബരിമല സ്വർണ്ണകൊള്ള വിഷയത്തിലും തെറ്റായ കാര്യങ്ങൾ യു.ഡി.എഫ്. പ്രചരിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ നേതൃത്വത്തിൽ കൃത്യമായ നിലപാടുകളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു കുറ്റവാളിയെയും സംരക്ഷിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വർണ്ണകൊള്ള കേസിലെ പ്രധാന സൂത്രധാരന്മാരെ

സംരക്ഷിക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. വിശ്വാസികൾക്ക് ഏറ്റവും കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയതും അവരുടെ വിശ്വാസം സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചതും എൽ.ഡി.എഫ്. സർക്കാരാണ്. ഇടതുപക്ഷം കേരളം ഭരിക്കുന്നതുകൊണ്ടാണ് സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട കേസിലെ പോറ്റിമാരെ ജയിലിൽ അടക്കാൻ കഴിഞ്ഞത്. പശ്ചാത്തല വികസന മേഖലയിൽ കിഫ്ബി വഴിയുണ്ടാക്കിയ കുതിച്ചുചാട്ടം വിസ്മയകരമാണ്. ദേശീയപാത നിർമ്മാണം പൂർത്തിയാക്കുന്നതിൽ സർക്കാർ കാണിച്ച ഇച്ഛാശക്തി പ്രത്യേകം എടുത്തുപറയേണ്ടതാണ്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അവരുടെ കാലത്തുണ്ടായ വികസന നേട്ടങ്ങളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ദേശീയപാത യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ നിലവിൽ വരേണ്ടതായിരുന്നു. പക്ഷെ അവരുടെ ഒറ്റ നയം കൊണ്ടാണ് അന്ന് ദേശീയപാത നിലവിൽ വരാതിരുന്നത്. എന്നേ പൂർത്തിയാകേണ്ടതായിരുന്നു ഈ ദേശീയപാത. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം ലാൻഡ് അക്വിസിഷൻ നടത്തുന്ന ഭൂമിയുടെ ഇരുപത്തിയഞ്ച് ശതമാനം തുക

(അയ്യായിരത്തി എണ്ണൂറ് കോടിയോളം രൂപ) കെട്ടിവച്ചതിലൂടെയാണ് ദേശീയ പാതാ നിർമ്മാണം ത്വരിതഗതിയിലാക്കാൻ സാധിച്ചത്. കോഴിക്കോട് ജില്ലയിലെ ഗെയിൽ പൈപ്പ് ലൈനുമായി ബന്ധപ്പെട്ട് വളരെക്കാലം സമരങ്ങൾ നടന്ന കാര്യത്തെക്കുറിച്ച് അദ്ദേഹം ഓർക്കേണ്ടതായിരുന്നു. ഗെയിൽ പൈപ്പ് ലൈനുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. അധികാരത്തിൽ ഉണ്ടായിരുന്നപ്പോൾ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. പക്ഷെ ശ്രീ. പിണറായി വിജയൻ അധികാരം ഏറ്റെടുത്തതോടെ ഇത് യാഥാർത്ഥ്യമാക്കാൻ സാധിച്ചു. എത്രയോപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പാശ്ചാത്തല വികസന മേഖലയിൽ കിഫ്ബി ഉണ്ടാക്കിയ കുതിച്ചുചാട്ടം വിസ്മയാവഹമാണ്. കോഴിക്കോട് നഗരത്തിന്റെ വികസന കുതിപ്പിന് ദേശീയപാത നിർമ്മാണം ഒരു പ്രത്യേക ഘടകം തന്നെയാണ്. നഗരപാത വികസന പദ്ധതി, വഴിയോര റോഡുകളുടെ വികസനം എന്നിവ നഗര വികസനം ത്വരിതഗതിയിലാക്കി. മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡിന്റെ പ്രവൃത്തി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. നൂറ്റി മുപ്പത്തിമൂന്ന് കോടി രൂപയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി ചെലവഴിച്ചിട്ടുള്ളത്. ഏകദേശം ഇരുപത്

വർഷമായി അതിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടും യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിച്ചില്ലെന്നതാണ് വാസ്തവം. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ പത്ത് വർഷക്കാലം കൊണ്ടാണ് മുഴുവൻ കാര്യങ്ങളും പൂർത്തിയാക്കാൻ സാധിച്ചത്. അതിന്റെ ഉദ്ഘാടനം നിർവഹിക്കാൻ പോകുകയാണ്. ആരോഗ്യ മേഖലയിലും നിരവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. അഞ്ഞൂറ്റി അൻപത് കോടി രൂപ ചെലവിട്ടുകൊണ്ട് അവയവമാറ്റ ശസ്ത്രക്രിയയ്ക്കുവേണ്ടി ഇന്ത്യയിലെ ആദ്യത്തെ ആശുപത്രി കോഴിക്കോട് സ്ഥാപിച്ചു. ഈ സർക്കാരിന്റെ വികസന നേട്ടങ്ങൾ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്നതാണ്. കനാൽ സിറ്റി പദ്ധതി, വിദ്യാഭ്യാസ കോംപ്ലക്സ് (School Complex), ബീച്ച് സൗന്ദര്യവൽക്കരണം, സരോവരം ബയോപാർക്ക് എന്നീ നഗര വികസനം കുതിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. തീരദേശ-മലയോര ഹൈവേകളുടെ നിർമ്മാണംകൂടി പൂർത്തിയാകുന്നതോടെ കോഴിക്കോട് നഗരം സമാനമായ വികസന പദ്ധതികളുള്ള നഗരമായി മാറുകയാണ്. ഈ സർക്കാർ പത്ത് വർഷംകൊണ്ട് ഭൂമി ഇല്ലാത്തവരെ ഭൂമിയുടെ

അവകാശികളാക്കി മാറ്റി. 410958 പട്ടയങ്ങൾ നൽകാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ ചരിത്രനേട്ടമാണ്. കഴിഞ്ഞ പത്ത് വർഷമായി പവർകട്ട് എന്താണെന്ന് മലയാളികൾ അറിഞ്ഞിട്ടില്ല. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. പത്ത് വർഷങ്ങൾക്ക് മുമ്പ് ഇവിടെ പവർകട്ടും ലോഡ് ഷെഡിങ്ങും സർവസാധാരണമായിരുന്നു. പവർകട്ടും ലോഡ് ഷെഡിങ്ങും ഈ സർക്കാരിന് ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റാൻ സാധിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ കൊണ്ട് മാത്രമാണ് കെ.എസ്.ആർ.ടി.സി.-യുടെ വളർച്ച സാധിച്ചത്. മികച്ച പൊലീസ് സംവിധാനമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചു. കഴിഞ്ഞ പത്തുവർഷത്തിനിടെ ഒരു വർഗീയ കലാപംപോലുമില്ലാത്ത സംസ്ഥാനമായി നമ്മുടെ നാട് മാറി. കേരളത്തിന്റെ മതേതര സ്വഭാവം തകർക്കാൻ ബോധപൂർവമായ ശ്രമം നടക്കുന്നുണ്ട്. തിരഞ്ഞെടുപ്പ് ലക്ഷ്യംവച്ച് എല്ലാ വർഗീയ ശക്തികളുമായും യു.ഡി.എഫ്. സന്ധി ചെയ്യുകയാണ്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽപോലും ന്യൂനപക്ഷ-ഭൂരിപക്ഷ വർഗീയ ശക്തികളെ സഖ്യകക്ഷികളാക്കി. കോഴിക്കോട് കോർപ്പറേഷനിലും

സ്റ്റാൻഡിങ് കമ്മിറ്റി തിരഞ്ഞെടുപ്പിലും ഒരു ചെയർപേഴ്സൺ സ്ഥാനം ബി.ജെ.പി.-ക്ക് ലഭിക്കാൻവേണ്ടി....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഒട്ടും ശരിയായില്ലെന്നത് പൊതുവിൽ, എല്ലാവരുടെയും അഭിപ്രായമായി കണേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ നാല് വർഷംകൊണ്ട് അദ്ദേഹം ചെയ്ത കാര്യങ്ങൾ നമുക്കൊരിക്കലും വിസ്മരിക്കാൻ സാധിക്കില്ല. ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ നൽകാനും കലോത്സവങ്ങൾ ഒരു ആക്ഷേപത്തിനും വിധേയമാകാത്ത തരത്തിൽ കൃത്യമായി നടപ്പാക്കാനും അദ്ദേഹത്തിന് സാധിച്ചു. അതുപോലെ നിരവധി കെട്ടിടങ്ങൾ നിർമ്മിക്കാനും സാധിച്ചു. ക്യാബിനറ്റ് റാങ്കുള്ള പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നും ഒരിക്കലുമുണ്ടാകാൻ പാടില്ലാത്തതായിരുന്നു ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ പറഞ്ഞ കാര്യങ്ങളെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.